In the film, there is one character Mythra, played by Rajisha Vijayan, a teacher tasked with teaching the Irulars, who plays a major role. She is with Senggeni at every turn of the story. In fact, it was she who introduces her to Chandru, speaks on her behalf and takes the advocate on his own investigation of the case.

No black paint or oil was used on her. Jai Bhim is not a film by Dalits, of Dalits and for Dalits.

I do not know how many would have noticed the indebtedness the film maker expresses to two judges — Late Justice P.S. Mishra and Justice Sivraj Patil. In the film, the habeas corpus case filed by Senggeni is heard by a two-member Bench. The judges are not identified. I can only presume that the case was originally heard and decided by the two judges whose names I mentioned.

Justice Chandru, who retired as a judge of the Madras High Court, gave many verdicts under which segregation on the basis of caste at burial grounds was abolished and women were allowed to become temple priests. In the interview I mentioned, he paid handsome tributes to the late Justice Prabha Shankar Mishra from Bihar, who showed real courage when he accepted the habeas corpus appli-





cation filed by Parvathy. He listed several other cases in which Mishra gave pathbreaking verdicts.

Justice Mishra went on to become Chief Justice of the Andhra Pradesh and Calcutta High Courts. Need I mention that Mishra, who depended on a local police officer, instead of the CBI, to punish the guilty policemen, was a Brahmin? Justice should have no religion or colour.

The large courtroom where much of the action in the film happens is modelled after the Chief Justice's courtroom. There, on the wall facing the judges are two portraits. One of them is that of Justice VR Krishna Iyer. Why are those portraits placed there?

The two judges happen to be Justice Chandru's role models in his career. In the late sixties, Justice Iyer visited Catholicate College, Pathanamthitta, to inaugurate the college union. I was hypnotised by his speech. I read the verdict he gave on Indira Gandhi's petition challenging the verdict of the Allahabad High Court unseating her from Parliament several times. Later, I had a long interview with him at Patna. As luck would have it, I also edited his articles while I was with the Hindustan Times.

Justice Chandru is not the only one to rate Iyer high. In his autobiography Before Memory Fades, the well-known lawyer Fali S. Nariman, describes him as one of the greatest judges of India, although he never became the Chief Justice of India.

Jai Bhim should not be seen through the prism of caste. I have noticed that those who claim to be above casteism are often the worst practitioners of casteism. As everyone knows, Jai Bhim is a slogan used by the followers of Dr BR Ambedkar. What they foresee is not subjugation of any caste but letting everyone play his role in the development of the country and also enjoy a share of the national property. Is that the case?

Parvathy still lives in a house, easily accessible by centipedes and snakes, despite winning a much-celebrated legal battle. The condition of her compatriots is no better, though 75 years have passed since India attained Independence. Jai Bhim is not just about lock-up murder. It is also about denial of voting rights, educational opportunities, proper wages and a level-playing field.

The police continue to be an instrument of oppression despite the Delhi Police's motto of Shanti Seva Nyaya (Peace, Service, Justice). Despite so many laws to protect the interests of Scheduled Castes and Scheduled Tribes, they are subjected to atrocities even when they do certain traditional jobs like skinning animals.

Those who speak against reservation of jobs for SCs and STs have no objection while reserving almost all the jobs of janitors, drainage cleaners and sweepers to those very persons.

They want the Untouchables to remain on the fringes of society. Fortunately, there are Senggenis and Chandrus who will not let that situation continue for long. That is the message of Jai Bhim. ■


MLS
MULTIPLE LISTING SERVICE®
BUYING OR SELLING ?
THE REAL ESTATE PROFESSIONAL YOU CAN TRUST
THINKING OF BUYING OR SELLING YOUR HOME ?
CALL JOSEPH FIRST
urban
Real Estate Services Ltd.
jjadoor@shaw.ca www.jjjoycottage.com


SOUTH INDIAN KITCHEN
Savoy'S
Always Fresh & Healthy
facebook.com/savoyskitchen
AUTHENTIC SOUTH INDIAN CUISINE
EXPECT THE BEST SOUTH INDIAN FOOD
DINING | TAKE OUT | CATERING
SAVOYS SOUTH INDIAN KITCHEN
4655 54 Ave NE, #102, Calgary, AB T3J 3Z4 Tel: 587-623-7888
www.savoyscalgary.com



# ധന്യമീ ജീവിതം



R. Rajendran Unnithan

**നാമജപം കഴിഞ്ഞാൽ വീട്ടിലെ തന്നാൽ കഴിയുന്ന ചെറിയ ചെറിയ പണികൾ ചെയ്യുകയായി. മുറ്റത്തെ പോച്ചയും പുല്ലും പറിച്ചു മാറ്റി പരിസരം തൂത്തു വൃത്തിയാക്കുക, തൊടിയിലെ തെങ്ങിൽ നിന്നും വീഴുന്ന ഓലയും കൊതുമ്പും ചൂട്ടും പെറുക്കിയെടുത്ത് അടുക്കി കെട്ടി വെക്കുക, മരങ്ങളിൽ നിന്ന് അടർന്നു വീഴുന്ന ചുള്ളിലുകൾ ഒടിച്ച് ചെറിയ കെട്ടുകളാക്കുക, കയ്യാല അരുകിലെ പടപ്പൻ പോച്ച പറിച്ചെടുത്ത് പൈക്കിടാക്കൾക്ക് കൊടുത്ത് അവരോട് നർമ്മസല്ലാപം നടത്തി തൊട്ടു തലോടി ലാളിക്കുക തുടങ്ങിയവയാണ് മുത്തശ്ശിയുടെ പ്രധാന പണികൾ.**

## രാത്രി

ഏറെ വൈകിയിട്ടും പൂമുഖത്തെ ഇരു തിരിയിട്ടു കൊളുത്തിയ നിലവിളക്കിന്റെ മുമ്പിലിരുന്നുള്ള മുത്തശ്ശിയുടെ നാമജപം അവസാനിച്ചിരുന്നില്ല. നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ, നരകവാരിധി നടുവിൽ ഞാൻ എന്നു തുടങ്ങുന്ന നാമ കീർത്തനങ്ങൾ തന്റേതായ സവിശേഷ ഈണത്തിൽ ആവർത്തനചാരുതയോടെ മുത്തശ്ശി നീട്ടി ച്ചൊല്ലിക്കൊണ്ടിരുന്നു.

കാണാൻ തുടങ്ങിയ കാലം മുതലുള്ള മുത്തശ്ശിയുടെ രൂപവും ഭാവവും ദൈനംദിന ആചാരാനുഷ്ഠാന രീതികളും പ്രകടമായ മാറ്റമില്ലാതെ ഇന്നും തുടരുന്നു. അക്ഷരമാലയിലെ 'റ' യുടെ രൂപമാണ് മുത്തശ്ശിക്ക്. നടുവുമായുള്ള ബന്ധം വിട്ട നട്ടെല്ല് മുത്തശ്ശിയെ കൂനിയാക്കിയിട്ട് ഏറെക്കാലമായി. ആരുടെയെങ്കിലും മുഖത്തു നോക്കി കാര്യം പറയ ണമെങ്കിൽ ഒന്നുകിൽ ഇരിക്കണം

അല്ലെങ്കിൽ കിടക്കണം.

കിഴക്കൻ ചക്രവാളത്തിൽ സൂര്യൻ ഉദിക്കുന്നതിനു മുമ്പേ ഉണരുന്ന മുത്തശ്ശിയുടെ പ്രഭാത നാമജപമായിരുന്നു അന്ന് പതിവായി ഞങ്ങളെ പുതിയൊരു ദിവസത്തിലേക്ക് ഉണർത്തിയിരുന്നത്. നാമജപം കഴിഞ്ഞാൽ വീട്ടിലെ തന്നാൽ കഴിയുന്ന ചെറിയ ചെറിയ പണികൾ ചെയ്യുകയായി. മുറ്റത്തെ പോച്ചയും പുല്ലും പറിച്ചു മാറ്റി പരിസരം തുത്തു വൃത്തിയാക്കുക, തൊടിയിലെ തെങ്ങിൽ നിന്നും വീഴുന്ന ഓലയും കൊതുമ്പും ചൂട്ടും പെറുക്കിയെടുത്ത് അടുക്കി കെട്ടി വെക്കുക, മരങ്ങളിൽ നിന്ന് അടർന്നു വീഴുന്ന ചുള്ളിലുകൾ ഒടിച്ച് ചെറിയ കെട്ടുകളാക്കുക, കയ്യാല അരുകിലെ പടപ്പൻ പോച്ച പറിച്ചെടുത്ത് പൈക്കിടാക്കൾക്ക് കൊടുത്ത് അവരോട് നർമ്മസല്ലാപം നടത്തി തൊട്ടു തലോടി ലാളിക്കുക തുടങ്ങിയവയാണ് മുത്തശ്ശിയുടെ പ്രധാന പണികൾ. അവധി ദിവസങ്ങളിൽ പേരക്കുട്ടികളായ ഞങ്ങളേയും കൂടെ കൂട്ടും. പഴഞ്ചൊല്ലുകളും കടങ്കഥ കളും പുരാണ കഥകളും നാടോടിക്കഥകളും പാട്ടുകളും നാട്ടു വർത്തമാനങ്ങളും ഇടകലർത്തിയുള്ള മുത്തശ്ശിയുടെ അഭിനയ സംഭാഷണചാതുരി ഞങ്ങൾ കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. പല്ലില്ലാത്ത മോണ കാട്ടിയുള്ള ചിരിയും, കൊഴിഞ്ഞു പോയതിന്റെ മിച്ചമുള്ള വെള്ളിനൂലു പോലുള്ള മുടിയുടെ ഉച്ചി കെട്ടും, മുന്നിൽ കെട്ടുള്ള വെളുത്ത റൗക്കയും മന്മലിന്റെ ഒറ്റമുണ്ടും, എണ്ണയുടേയും തൈലത്തിന്റേയും ഇടകലർന്ന ഗന്ധവും, ഇടയ്ക്കിടെ രണ്ടു കൈകൾ കൊണ്ടും നടുവിന് താങ്ങു കൊടുത്ത് ആയാസപ്പെട്ട് നിവർന്നു നിന്ന് അതിശയ ഭയ അത്ഭുത കരുണഭാവങ്ങൾ മുഖത്ത് മിന്നിമറയിച്ചു കൊണ്ടുള്ള

**തിമിരത്തിന് എത്തി നോക്കാൻ പോലും കഴിയാത്ത തെളിഞ്ഞ കണ്ണുകളുമായി മുത്തശ്ശി പത്രത്താളുകളിലെ ചെറിയ വാർത്തകൾ പോലും ശ്രദ്ധയോടെ വായിക്കും. രാഷ്ട്രീയ വാർത്തകളേക്കാൾ പ്രിയം സാമൂഹ്യ വാർത്തകൾക്കായിരുന്നു. കട ബാധ്യതയാൽ കുടുംബം ആത്മഹത്യ ചെയ്തു, മകൻ അച്ഛനെ വെട്ടിക്കൊന്നു, മക്കൾ മാതാപിതാക്കളെ കൊന്നു കുഴിച്ചുമൂടി, കാമുകനോടൊപ്പം ജീവിക്കാൻ യുവതി പിഞ്ചുകുഞ്ഞുങ്ങളെ കിണറ്റിലെറിഞ്ഞു കൊന്നു, അച്ഛൻ പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ചു, സ്ത്രീധനത്തിന്റെ പേരിൽ യുവതി തീ കൊളുത്തി മരിച്ചു തുടങ്ങിയ വാർത്തകൾ വായിച്ച് ആ വൃദ്ധ ഹൃദയം വിതുമ്പിയിരുന്നു.**

മുത്തശ്ശിയുടെ ആ നില്പും ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നു..

തിമിരത്തിന് എത്തി നോക്കാൻ പോലും കഴിയാത്ത തെളിഞ്ഞ കണ്ണുകളുമായി മുത്തശ്ശി പത്രത്താളുകളിലെ ചെറിയ വാർത്തകൾ പോലും ശ്രദ്ധയോടെ വായിക്കും. രാഷ്ട്രീയ വാർത്തകളേക്കാൾ പ്രിയം സാമൂഹ്യ വാർത്തകൾക്കായിരുന്നു. കട ബാധ്യതയാൽ കുടുംബം ആത്മഹത്യ ചെയ്തു, മകൻ അച്ഛനെ വെട്ടിക്കൊന്നു, മക്കൾ മാതാപിതാക്കളെ കൊന്നു കുഴിച്ചുമൂടി, കാമുകനോടൊപ്പം ജീവിക്കാൻ യുവതി പിഞ്ചുകുഞ്ഞുങ്ങളെ കിണറ്റിലെറിഞ്ഞു കൊന്നു, അച്ഛൻ പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ചു, സ്ത്രീധനത്തിന്റെ പേരിൽ യുവതി തീ കൊളുത്തി മരിച്ചു തുടങ്ങിയ വാർത്തകൾ വായിച്ച് ആ വൃദ്ധ ഹൃദയം വിതുമ്പിയിരുന്നു. ലോകം മുഴുവൻ പടർന്നു വ്യാപിക്കുന്ന പകർച്ചവ്യാധികൾ പിടിപെട്ട് ജീവിതത്തിന്റെ പാതിവഴിയിൽ പകച്ചു നില്ക്കുന്നവരുടെ സങ്കടങ്ങൾ, ലോകമെമ്പാടുമുള്ള പട്ടിണി മരണങ്ങൾ, സാമ്രാജ്യത്തക്കൊതി കൊണ്ടും എല്ലാം കൈപ്പിടിയിലൊതുക്കാനുള്ള വെമ്പൽ കൊണ്ടും രാജ്യങ്ങൾ പരസ്പരം ആക്രമിക്കുമ്പോൾ അവർ വർഷിക്കുന്ന ഷെല്ലുകളും മിസൈലുകളുമേറ്റ് ഛിന്നഭിന്നമായ മനസ്സും സ്വപ്നങ്ങളുമായി അവശേഷിപ്പുകൾ ഭാണ്ഡത്തിലാക്കി എല്ലാമുപേക്ഷിച്ച് ദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക് അഭയാർഥികളായി പലായനം ചെയ്യേണ്ടി വരുന്ന മനുഷ്യാത്മാക്കളുടെ സങ്കടപ്പെരുങ്കടലുകൾ, വേന ലിലും മഴയിലും കാട്ടുതീയിലും വെള്ളപ്പൊക്കത്തിലും അങ്ങോളമിങ്ങോളം പൊലിഞ്ഞു പോകുന്ന മനുഷ്യ ജീവിത ക്കാഴ്ചകൾ, മലിനമായ മണ്ണിനേയും വിണ്ണിനേയും കാടിനേയും കടലിനേയും പുഴകളേയും എന്നു വേണ്ട സകല ചരാചരങ്ങളെക്കുറിച്ചും വേവലാതിപ്പെടുന്ന ഏകാന്ത പഥികരുടെ നേർത്ത തേങ്ങലുകൾ എല്ലാം മുത്തശ്ശി വായിച്ചറിയുമായിരുന്നു. ഇന്റർനെറ്റും ചാറ്റിംഗും ഡേറ്റിംഗും ഇല്ലാത്ത കാലഘട്ടത്തിൽ ജനിച്ചു വളർന്ന മുത്തശ്ശിക്ക് തനിക്ക് അന്യമായ ഈ കാലത്തിന്റെ നൊമ്പരപ്പെടുത്തുന്ന വാർത്തകൾ നീണ്ട നെടുവീർപ്പുകളായിരുന്നു. ദുഖം തളം കെട്ടി നിൽക്കുന്ന ഓരോ സംഭവങ്ങളും വായിച്ചു കഴിഞ്ഞ് അവർ ഉച്ചത്തിൽ ശിവശിവ, നാരായണ നാരായണ

**തങ്ങൾക്കാവശ്യത്തിലുള്ളതിൽ കവിഞ്ഞുള്ളതെല്ലാം ഈശ്വരൻ ഓരോരുത്തർക്കും നൽകുന്നത് ഇല്ലാത്തവർക്ക് ദാനം ചെയ്യാൻ വേണ്ടിയാണെന്നതാണ് മുത്തശ്ശിയുടെ പ്രമാണം. ഏകാദശിയും ഷഷ്ഠിയും ഉൾപ്പെടെയുള്ള വ്രതങ്ങൾ അനുഷ്ഠിച്ചിരുന്ന മുത്തശ്ശിക്ക് വിശപ്പിന്റെ വില നന്നായി അറിയാമായിരുന്നു.**

എന്നു ജപിക്കുമായിരുന്നു. ഉച്ച ഭക്ഷണം കഴിഞ്ഞ് ഉച്ചമയക്കം ഉപേക്ഷിച്ച് പടിപ്പുരയുടെ അടുത്ത് നിൽക്കുന്ന തന്നേക്കാൾ പ്രായമുള്ള വരിക്ക പ്ളാവിന്റെ ഉയർന്ന വേരിൽ തായ് തടിയിൽ പുറം ചാരി വഴിയിലേക്ക് നോക്കിയിരിക്കും. ചെത്തുകാരൻ കുമാരനും കറവക്കാരൻ നാരായണനും തെക്കേതിലെ മീനാക്ഷിയമ്മയും എന്നു വേണ്ട ആ വഴി പോകുന്ന പല പ്രായത്തിലുള്ള, പല ജോലികൾ ചെയ്യുന്ന എല്ലാവരും മുത്തശ്ശിയുടെ അടുത്തു വന്ന് കുശലാന്വേഷണം നടത്തും. അവരിൽ നിന്നു ലഭിക്കുന്ന നാട്ടുവാർത്തകൾക്കു പകരം പത്ര താളുകളിലൂടെ അന്നു താനറിഞ്ഞ വാർത്തകൾ അവർക്കു നൽകും.എല്ലാവർക്കും മുത്തശ്ശി പ്രിയങ്കരിയാണ്. ആ നാട്ടിൽ ജീവിക്കുന്ന ഓരോരുത്തരുടേയും ജീവിതവുമായി പ്രത്യക്ഷമായോ പരോക്ഷമായോ മുത്തശ്ശിയുടെ ജീവിതം കെട്ടു പിണഞ്ഞു കിടക്കുന്നു. വടക്കേതിലെ സരളേച്ചി കഴിഞ്ഞ ദിവസം പോലും അനുസ്മരിച്ച ഒരു കാര്യമുണ്ട്, അവരുടെ ഭർത്താവ് മരത്തിൽ നിന്നു വീണ് ചികിത്സയ്ക്ക് പണമില്ലാതെ വലഞ്ഞപ്പോൾ കഴുത്തിലെ മാല ഊരിക്കൊടുത്ത് എത്രയും വേഗം എവിടെയെങ്കിലും കൊണ്ടു ചികിത്സിക്കാൻ ആദ്യം പറഞ്ഞത് മുത്തശ്ശിയായിരുന്നു. ആ ഗ്രാമത്തിൽ ഒരു ജനന മോ മരണമോ വിഷമങ്ങളോ സന്തോഷങ്ങളോ ഉണ്ടായാൽ അവിടെ ആദ്യം ഓടിയെത്തുന്നത് മുത്തശ്ശിയായിരിക്കും. ഒരു കാഴ്ചക്കാരിയായി നോക്കി നിൽക്കാതെ ആവശ്യമായ സേവനങ്ങൾക്ക് മുന്നിട്ടിറങ്ങുകയായി. തനിക്കു ചുറ്റും വസിക്കുന്ന ഓരോരുത്തരുടേയും പ്രശ്നങ്ങൾ തിരിച്ചറിയുകയും തന്നാൽ കഴിയുന്ന രീതിയിൽ അവ പരിഹരിക്കുന്നതിനായി ശ്രമിക്കുകയും ചെയ്തിരുന്നു. തങ്ങൾക്കാവശ്യത്തിലുള്ളതിൽ കവിഞ്ഞുള്ളതെല്ലാം ഈശ്വരൻ ഓരോരുത്തർക്കും നൽകുന്നത് ഇല്ലാത്തവർക്ക് ദാനം ചെയ്യാൻ വേണ്ടിയാണെന്നതാണ് മുത്തശ്ശിയുടെ പ്രമാണം. ഏകാദശിയും ഷഷ്ഠിയും ഉൾപ്പെടെയുള്ള വ്രതങ്ങൾ അനുഷ്ഠിച്ചിരുന്ന മുത്തശ്ശിക്ക് വിശപ്പിന്റെ വില നന്നായി അറിയാമായിരുന്നു. അതുകൊണ്ടു തന്നെ ചുറ്റുമുള്ളവർ പട്ടിണി കിടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നാട്ടുകാർക്ക് അവർ അന്നദാതാവായിരുന്നു.

നർമ്മസല്ലാപങ്ങൾക്കു ശേഷം ഓരോരുത്തരും അവരവരുടെ ജോലിക്കായി പോകും. പോകുന്നതിനു മുമ്പ് എന്നും അവർ പറയുന്ന ഒരു കാര്യമുണ്ട്. കുഞ്ഞു കൊച്ചിട്ടിയമ്മ ഭാഗ്യവതിയാണ് ഈ പ്രായത്തിലും എല്ലാം കാണാനും കേൾക്കാനും പറയാനും, കരയാനും ചിരിക്കാനും കഴിയുന്നുണ്ടല്ലോ. മുൻജന്മസുകൃതം.

വരിയ്ക്കപ്ളാവിന്റെ ചുവട്ടിലെ സമ്മേളത്തിനു ശേഷം മുത്തശ്ശി പൂമുഖത്തെ ഉമ്മറപ്പടിയിൽ വന്നിരിക്കും. ചായ ഊതിക്കുടിച്ചു കൊണ്ട് നാട്ടുവാർത്തകളും വീട്ടു വർത്തകളും പത്രവാർത്തകളുമടങ്ങുന്ന സമ്മേളനം തുടങ്ങുകയായി. വീട്ടിലുള്ളവരെല്ലാം മുത്തശ്ശിക്കു ചുറ്റും വന്ന് അണിനിരക്കുകയായി. ഒട്ടുമിക്ക എല്ലാ വാർത്തകളും വീട്ടുലുള്ള മറ്റുള്ളവർ അറിയുന്നത് മുത്തശ്ശിയുടെ ഈ വാർത്താ സമ്മേളനത്തിലൂടെയാണ്. തുടർന്ന് സന്ധ്യാവന്ദനത്തിന് നിലവിളക്കൊരുക്കുവാനും പൂപ റിക്കുവാനും നാമജപത്തിനും പുരാണ പാരായണത്തിനുമായി മുത്തശ്ശി പോകുന്നു. മറ്റുള്ളവർ സ്വീകരണ മുറിയിലെ ടി വി യുടെ മുന്നിലേക്ക് ചെല്ലാൻ പരക്കം പായുന്നു.

സന്ധ്യയ്ക്ക് സ്വീകരണ മുറിയിൽ നിന്ന് അലമുറയിട്ടുള്ള നിലവിളികളും ആക്രോശങ്ങളും കൊലവിളികളും ഉയർന്നു കേൾക്കുമ്പോൾ പൂമുഖത്തെ ഇരു തിരി വിളക്കിന്റെ മുന്നിലിരുന്ന് തനിക്കു ചുറ്റും ജീവിത സങ്കടങ്ങളാൽ ഉഴലുന്നവരുടെ അഴൽ മാറ്റിക്കൊടുക്കണമേ എന്ന് മുത്തശ്ശി ഉള്ളുരുകി പ്രാർഥിച്ചു കൊണ്ടേയിരുന്നു. മറ്റുള്ളവർ കൃതിമ സങ്കടങ്ങളിൽ തേങ്ങിക്കരഞ്ഞപ്പോൾ മുത്തശ്ശിയുടെ ഉള്ളിൽ യഥാർഥ ജീവിത ദുഖങ്ങളുടെ നെരിപ്പോടുകൾ നീറിക്കത്തുകയായിരുന്നു. കുണ്ടിലാണ്ട കൺകോണുകളിൽ നിന്നും ഉറവയെടുത്ത കണ്ണീർ പുഴയായി ഇരുകവിളുകളിലൂടെ താഴേക്ക് ഒഴുകിത്തുടങ്ങുകയായി. ഇരുളിന്റെ കരിമ്പടം വകഞ്ഞു മാറ്റി കടന്നുവരുന്ന ഒരു നറുനിലാവിന്റെ ധന്യതയും കുളിർമ്മയും മുത്തശ്ശിയിൽ നിന്നും ചുറ്റും പരക്കുകയായി. രാത്രി ഏറെ വൈകിയെത്തിയ ഇളം തെന്നലിൽ പോലും ആ സ്നിഗ്ദ്ധത പരക്കുന്നുണ്ടായിരുന്നു.■

# Do you want to make a difference in the community as a volunteer?

**ONTARIO HEROES**
HEALTH AND SOCIAL SERVICES
4792 James Austin Dr, Mississuga, ON L4Z4H3
+1-905-897-3675
contactus@ontarioheroes.ca

*Ontario Heroes Health and Social Services is a registered non-profit organization founded in the year 2020 with 140 Volunteers from diverse professional and ethnic backgrounds. We provide services to Canadian citizens, residents, new immigrants, refugees, visitors, and students services in 26 areas for free of charges. We have attended more than 1000 cases and contributed more than 6000 hours last year. Our service is also offered in 16 languages.*

**Our Programs**
- Mentorship Program
- French Learning Program
- International Volunteer Exchange Program
- Adolescent Empowerment and Community Resilience program (AECRP)

**Our Services**
- Counseling Service
- Health promotion Services
- Rehabilitation Services
- Mental Health Services
- Addiction Services
- Legal services
- Advocacy Centre
- Child, Adolescent and Family Services
- International Student & Parents Helpline
- Newcomer settlement Service
- Obesity Support Services
- Medical Repatriation Service
- Summer Camp

**Campaigns**
- Blood donation
- Home health equipment mobilization
- Food drive

Volunteers Register Here!

**You can join us as:**
*Member*
*Volunteer*
*Community Partner*
*Mentor*
*Coordinator*
*Consultant*
*Volunteer Ambassador*
*Supporter*
*Blood Donor*
*Recruiter*

Chapter: ALBERTA HEROES — ONTARIO HEROES

Visit the portal for more details
*www.ontarioheroes.ca*

*OUR SUPPORTERS, PARTNERS & RECRUITERS*

SHORT STORY



# കോവിഡിന്റെ വെളിപാട്



Dr. Mathew Joys,
Las Vegas

## കോവിഡ്

മൂലം രണ്ടു വർഷം കഴിഞ്ഞു നാട്ടിലേക്ക് പോയിട്ട്, സാധാരണ എല്ലാ വർഷവും പോകാറുള്ളതായിരുന്നു. ഞാനാണെങ്കിൽ കൊച്ചുമോനെ കണ്ടിട്ടുമില്ല.

അറുപത്താറു വയസ്സിൽ റിട്ടയറായിട്ടും വാമഭാഗം ഇരുന്നും വലിഞ്ഞും ജോലിക്കു പോകുന്നുണ്ട്. ഒന്നാമത് മെഡിക്കൽ ഇൻഷുറൻസ് നിലനിർത്തണം, രണ്ടാമതായി നാട്ടിലെ ഫ്ളാറ്റിന് കുറച്ചു മോർട്ഗേജ് കൂടി അടക്കാനുണ്ട്. പണിയാതെ പറ്റില്ലല്ലോ.

നാട്ടിലാണെങ്കിൽ കോവിഡ് തുടങ്ങാൻ നോക്കിയിരുന്നതുപോലെ, മകൻ ജോലിക്കു പോകുന്നതേയില്ല, മരുമകൾ കൊച്ചിനെ വളർത്താനെന്ന ഭാവേന സുഖിച്ചു വീട്ടിലിരിക്കുന്നു. മാസം മാസം ഒന്നരലക്ഷം നാട്ടിലേയ്ക്കയക്കുന്നതു ബാങ്കിലടക്കാനും മകനും കുടുംബത്തിനും ചിലവിനെന്നുമാണ് സങ്കല്പം.

കോവിഡ് സ്വല്പം കുറഞ്ഞെന്നു തോന്നിയതിനാൽ നാട്ടിലേക്ക് ഞാൻ മാത്രം പോകാമെന്നു കരുതി. ബൂസ്റ്ററും കഴിഞ്ഞു, ആ ധൈര്യത്തിൽ മുഖപ്പട്ടയും കെട്ടി പോയേക്കാമെന്നു കരുതി.

സർപ്രൈസ് ആയിക്കോട്ടെ എന്ന് കരുതി മക്കളേ അറിയിച്ചിരുന്നില്ല. നെടുമ്പാശ്ശേരിയിൽ നിന്നും ടാക്സി പിടിച്ചാണ് ചെന്നത്. ഫ്ളാറ്റിൽ എത്തി ഡോർബെല്ലടിച്ചപ്പോൾ ഉറക്കച്ചടവോടെ മകനാണ് വന്ന് ഡോർ തുറന്നത്. ഫ്ളാറ്റ് ആകെ അലങ്കോലം ആയിക്കിടക്കുന്നു. കുട്ടിയുള്ളതു കൊണ്ടാണെന്ന് സമാധാനിച്ചു.

യാത്രാവിശേഷങ്ങളും പറഞ്ഞിരുന്നതിനുശേഷം മുഖമൊക്കെ ഒന്ന് കഴുകിക്കൊണ്ടിരുന്നപ്പോൾ, മരുമകൾ ഉച്ചത്തിൽ സംസാരിക്കുന്നതുകേട്ടു. ''ഡാനി, ഞാൻ വന്ന യൂബറിന്റെ ഡ്രൈവർ കാർഡ് എടുക്കത്തില്ല, ഡാനി നൂറു രൂപാ കൊണ്ടുപോയി അയാൾക്ക് വേഗം കൊടുത്തേര്.''

അവൾ ദിവസ്സവും രാവിലെ യൂബർ പിടിച്ചാണ് അഞ്ചുകിലോമീറ്റർ അകലെയുള്ള ഫിറ്റ്നസ് സെൻറ്ററിൽ പോയി വരുന്നത്.

മുഖവും തുടച്ചുകൊണ്ട് ഞാൻ ലിവിങ് റൂമിലേക്ക് വന്നപ്പോൾ അവൾക്കും അതിശയം. ''ചുമ്മാതല്ല ഇവിടമൊക്കെ ഞാൻ രാവിലെ പോയപ്പോളതിനേക്കാൾ വൃത്തിയായിരിക്കുന്നു, പപ്പാ എന്നാ അറിയിക്കാതെ പോന്നത്, ഞങ്ങള് എയർപോർട്ടിൽ വരത്തില്ലാരുന്നോ?''

''ഓ, വെളുപ്പിനെ ഇങ്ങു എത്തുമെന്ന് പറഞ്ഞപ്പോൾ നിങ്ങളെ വെറുതെ ബുദ്ധിമുട്ടിക്കേണ്ടെന്നു കരുതി, അത്രേയുള്ളു'' ഞാൻ മൊഴിഞ്ഞത് അവൾക്കത്ര പിടിച്ചില്ലെന്ന് തോന്നുന്നു.

കല്യാണത്തിന് ചീക്കപ്പോത്തു പോലിരുന്നവൾ ഇപ്പോൾ സ്ലിം ആയി സുന്ദരിയായി ഇരിക്കുന്നതിന്റെ രഹസ്യം, വീട്ടിൽ കുത്തിയിരുന്നിട്ടോ വീട്ടു ജോലിചെയ്തോ അല്ലെന്ന് ഇപ്പോൾ മനസിലായി. ഫ്ളാറ്റിൽ ട്രെഡ് മിൽ മൂലയ്ക്ക് പൊടി പിടിച്ചു കിടക്കുന്നു. ഫിറ്റ്നസ് സെന്ററിൽ പോയാൽ അല്ലേ മറ്റു കൊച്ചമ്മമാരുടെ ഇടയ്ക്ക് സ്റ്റാറ്റസ് കാണിക്കാൻ ഒക്കത്തൊള്ളൂ. അതും ദിവസ്സവും ടാക്സി പിടിച്ചു തന്നെ പോകണം, കാരണം അവടെ ഫാദർ ഇൻ ലോയും മദർ ഇൻ ലോയും അങ്ങ് അമേരിക്കയിലല്ലേ! (അവടെ അമ്മായിഅമ്മ നടുവൊടിച്ചു ഇപ്പോഴും ഒന്നും രണ്ടും ഷിഫ്റ്റ് ജോലി ചെയ്യുന്നത് ഇവക്കറിയേണ്ടല്ലോ)

തലേ ദിവസം വീൽസ് റെസ്റ്റോറന്റിൽ നിന്നും വരുത്തിയ പാഴ്സലിന്റെ പാക്കറ്റ് സഹിതം ലിവിങ് റൂമിലെ ടീപ്പോയിൽ കിടക്കുന്നത് ആറാം നിലയിലെ ഫ്ളാറ്റിൽ കയറി വന്നപ്പോഴേ കണ്ടതാണ്. കുളിക്കാൻ കയറിയപ്പോൾ ബാത്രൂം ഒന്നും അടുത്ത കാലത്തൊന്നും ക്ലീൻ ചെയ്തിട്ടില്ലെന്ന് മനസ്സിൽ ആയി.

തിരിച്ചു വന്നപ്പോൾ ''ഇതെന്നാ മക്കളേ ഇതെല്ലാം ഇത്രയും വൃത്തികേടായി കിടക്കുന്നത്'' എന്ന് ചോദിച്ചു.

''എന്നാ പറയാനാ പപ്പാ, പാർട്ട് ടൈമ് വേലക്കാരത്തി ഒരുത്തി ഉള്ളത്, ഒരാഴ്ചയായി വന്നിട്ട്,'' എന്ന് അവളുടെ മറുപടി.

''ജോലിയൊന്നും ഇല്ലാതെ ഫ്ളാറ്റിൽ ഓസിൽ കഴിയുന്ന ഇവർക്കും വേലക്കാരത്തിയോ?'' എന്ന് ചോദിച്ചില്ല, പാതി തൊണ്ടയിൽ വിഴുങ്ങാനാവാതെ കുരുങ്ങിക്കിടന്നു.

കുളിച്ചു ഫ്രഷ് ആയി വന്നപ്പോഴേക്കും, ബ്രെഡ്ഡും ജാമും പഴവും പിന്നെ ഒരു കപ്പ് കാപ്പിയും എനിക്കായി ഡൈനിങ് ടേബിളിൽ തയ്യാറാക്കി വെച്ചിരുന്നു. അവനാണോ അവൾ ആണോ അത്രയുമെങ്കിലും ചെയ്തതെന്ന് ഇപ്പോഴും സംശയമുണ്ട്.

ഒരു ബക്കറ്റിനകത്തു ക്ളോറക്സ്, വിൻഡെക്സ് ഗ്ളാസ് ക്ളീനർ, ലൈസോൾ ഇവയുടെ സ്പ്രെയറുകൾ, രണ്ടു ബ്രഷ്, കൂടാതെ മടക്കിയ കുറെ പഴയ ടൗവ്വലുകൾ എന്നിവ ലിവിങ് റൂമിന് നടുവിൽ പുതുതായി സ്ഥാനം പിടിച്ചിരിക്കുന്നു.

കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഡെയ്സി പറയുന്നത് കേട്ടു ''പപ്പാ നല്ലതുപോലെ വീടൊക്കെ ക്ലീൻ ചെയ്യുമെന്ന് മമ്മി പറഞ്ഞു കേട്ടിട്ടുണ്ട്.''

അവൾ തുടർന്നു,

''എനിക്ക് മുടി സ്ട്രെയ്റ്റ് ചെയ്യാൻ അപ്പോയ്ന്റ്മെന്റ് ഉണ്ട്, ഒരു ഷവർ എടുത്ത് വന്നിട്ട് പോകണം.''

അപ്പോൾ അവളുടെ പ്ലാൻ ഒരു വിധം പിടി കിട്ടി.

''പപ്പാ ഒന്നുറങ്ങിയിട്ടു ചെയ്താൽ മതി'' പുത്രന് ഇത്രയും സ്നേഹമുണ്ടല്ലോ എന്നോർത്തപ്പോൾ നിറഞ്ഞ കണ്ണിൽനിന്നും അടർന്നുവീണ മുത്തുമണികൾ മറ്റാരും കണ്ടിരിക്കയില്ല.

സ്വല്പം ക്ളീനിങ് കഴിഞ്ഞു ഉറങ്ങിപ്പോയി, യാത്രാ ക്ഷീണത്തിൽ എത്ര മണിക്കൂർ ബോധം കെട്ടുറങ്ങിയെന്നറിയില്ല, ഫോൺ ബെല്ലടിക്കുന്നത് കേട്ടാണ് ഞെട്ടി ഉണർന്നത്.

ഫോണിന്റെ അങ്ങേത്തലക്കൽ പ്രിയ പുത്രന്റെ ശബ്ദം. പപ്പാ ഉറക്കത്തിലാരുന്നല്ലേ, പപ്പാ ഞങ്ങൾ അവിടെ വന്ന് കുറച്ചു തുണിയുമൊക്കെ എടുത്ത് ഡെയ്സിയുടെ വീട്ടിലോട്ടു പോന്നു. അതെന്നാ പണിയാരുന്നെടാ, എന്നെ വിളിച്ചുണർത്താൻ മേലാരുന്നോ, ഞാൻ കൊച്ചുമോനെ പോലും കണ്ടില്ലാരുന്നല്ലോ ഞാൻ അത്രയും ചോദിച്ചെന്നു തോന്നുന്നു.

അപ്പോൾ ഡാനി തുടർന്നു ''പപ്പാ മോനെ വിളിച്ചുണർത്താഞ്ഞത് നന്നായി.''

''അതെന്താടാ അങ്ങനെ പറഞ്ഞത്'' എന്റെ മറു ചോദ്യം.

''പപ്പയുടെ കോവിഡ് ടെസ്റ്റ് റിസൾട്ട് എയർപോർട്ടിൽ നിന്നും എന്നോട് വിളിച്ചു പറഞ്ഞിരുന്നു. കോവിഡ് പോസിറ്റീവ് ആണ്, അതുകൊണ്ട് കേട്ടയുടനെ ഞങ്ങൾ ഇങ്ങു പോന്നു. പപ്പാ അവിടെ അഡ്ജസ്റ്റ് ചെയ്തു കഴിഞ്ഞോളൂ.. ഞങ്ങൾ രണ്ടാഴ്ച കഴിഞ്ഞു വരാം.''

ഓകെ മക്കളേ എന്ന് പറഞ്ഞു വിഷണ്ണനായി ഫോൺ താഴെ വെച്ചു. സോഫായിൽ തളർന്നിരുന്നു.

ഭാര്യയോട് വിളിച്ചു പറഞ്ഞപ്പോൾ അവളുടെ സന്തോഷം വേറെ.

''ഞാൻ അന്നേ പറഞ്ഞതല്ലേ നമുക്ക് ഒരുമിച്ചു ക്രിസ്തുമസിന് പോയാൽ മതിയെന്ന്, നിങ്ങൾക്ക് കോവിഡും ഇല്ല, ഒരു മണ്ണാങ്കട്ടയുമില്ല, ഒന്നുമല്ലേൽ പുന്നാരമോളുടെ തനിനിറം നേരിട്ട് കണ്ടല്ലോ, സുഖായിട്ട് രണ്ടാഴ്ച കഴിഞ്ഞിട്ട് ഫ്ളാറ്റ് പൂട്ടി, കീ സെക്യൂരിറ്റിയെ ഏൽപിച്ചിട്ടു നേരെ ഇങ്ങു പോര്, ഇങ്ങനെ കുറെ മക്കളും മരുമക്കളും കോവിഡിന്റെ പേരും പറഞ്ഞു നാട്ടിൽ പണിക്കൊന്നും പോകാതെ സുഖിച്ചിരിപ്പുണ്ട്. ബാക്കി ഞാൻ കൈകാര്യം ചെയ്തോളാമെന്നെ.... നിങ്ങൾ ഇങ്ങു പോര്, ഇവിടെയും വീടെല്ലാം ക്ളീൻ ആക്കാനുണ്ട്!''■

# IAPC announces 2022 National Committee

IAPC Staff Reporter

**New York: The 2022 National Committee of the Indo-American Press Club (IAPC), the largest association of Indian-origin journalists in North America, has been announced. President Aashmeeta Yogiraj (New York chapter) with a multifaceted background in information science, political science and journalism was chosen president, with Azad Jayan (Niagara chapter) as executive vice president,with Shibi Roy (Houston chapter), Millie Philip (Philadelphiachapter), Dr. Neetu Thomas (Ohio), and Annie Anuvelil (Atlanta chapter) as vice presidents.**

**C.G. Daniel (Houston chapter) was chosen as general secretary with prof. Joy Pallattumadom (Dallas chapter), Anita Naveen (Vancouver chapter), Roopsi Narula (NJ chapter), and Shan Justus (San Antonio) elected as secretaries. Joji Kavanal (New York chapter) was elected treasurer and Bins Mandapam (Toronto chapter) was elected joint treasurer.**

**Dr. S. S. Lal (DC) was selected as the ex-officio, while Baiju Pakalomattom (Canada) and Thomas Mathew (New York chapter) were elected national co-ordinators. Sunil Manjanikara (New York), Hema Virani (New York), Dr. Aann Abraham (Alberta chapter)) was elected as public relations officers.**



**Ashmitha Yogiraj** comesto the helm with a multifaceted background in Information Science, Political Science and Journalism.Currently working forJas Punjabi TV and Jas Hindi TV, she seeks to bring digital literacy beyond traditional broadcasting methods as the Programming and Marketing Director of Jas Broadcasting Corporation. Growing up in the Google era and having an in-depth understanding of various social media platforms, SEO practices and data analytics, Yogiraj has been instrumental in the Jas brand's outstanding marketing and has proven her ability in retaining their existing audience while gaining a new audience. Yogiraj is a graduate of SUNY Stony Brook and holds a master's degree from Syracuse University.



**Azad Jayan** started his career in TV journalism as atrainee reporter for ManoramaNews in 2006, and has workedfor Manorama News for 6 yearsas a reporter at the Thiruvananthapuramand Delhi bureaus and as a producer at the main desk. He mainly dealt with right wing politics, Supreme Court and cinema beats. In addition to reporting a lot of human-interest stories, he has also interviewed several celebrities, and directed numerous television live shows and documentaries. He is an English graduate, who holds a post-graduation in film making and an advanced diploma in mass communication and video production.



**Shibi Roy,** Vice President of the IAPC Houston chapter, has showed her excellence in both healthcare and media sectors. Along with her nursing career, Shibi was able to succeed as a radio jockey, her field of passion. Founder, CEO and Radio Personality of Mallu Cafe Radio, Shibi is notable for her efforts



REALTOR®

MLS MULTIPLE LISTING SERVICE®

Rajesh Mathew

Real Estate Associate

403 408 7172

urban Real Estate Services Ltd.

www.urban-realty.ca
rajeshrjs07@gmail.com
820 26th Street NE
Calgary, AB, T2A 2M4


to spread goodness and love through her Mallu Cafe Radio which aims to promote physical and mental health. Shibi is also an elected representative of the Malayalee Association of Greater Houston for 2020 - 2021, and also the Chairperson of the Women's Forum of FOMAA, an American Malayalee organization.



**Millie Phillip,** IAPC President of the Philadelphia chapter, serves as the Regional Secretary General of the World Malayalee Council Women's Forum America and Chairperson of the Malayalee Association of Greater Philadelphia's Women's Forum. Millie has served on several positions, including MAP's (Malayalee Association of Greater Philadelphia) Women's Forum Chairperson and WMC PA Province Women's Forum Chairperson. Millie's media credentials, having worked as a presenter / news reporter for Asianet, Manorama News, Doordarshan and the Global Reporter is noticeable. Although her career is in the IT sector, her attitude towards service invited Millie to be active in the community. Millie also serves as a Learning Support Assistant Teacher.



**Dr. Neetu Thomas** is a senior reporter for the Global Reporting Channel from Iowa. Neetu has garnered attention for the news that she reported for Global Reporter TV's daily Global News Hour.



Atlanta based **Annie Anuvelil** is the resident editor of the Asian Era weekly newspaper. Annie, a graduate of the Manorama School of Communication (MASCOM), moved to the

United States after working for the New Indian Express and later for the publishing arm of RRDonnelly. Annie was behind the launch of 'Nattuvisesham', a monthly newsletter published by the Atlanta Metro Malayalee Association (AMMA) from November 2018, and is actively involved in community and charitable activities.



Before immigrating to the US in 2016, **C.G. Daniel** was a successful entrepreuner. He had business connections in SoutheastAsia, the Middle East, and many African countries. He isa well-known author and amateur photographer who is followed by many people on and off social media. He is an active face in discussions on various topics on television channels and zoom platforms. In addition, he liaises with local community organizations and associations. CG Daniel has held several key positions in the IAPC, including Houston chapter president, IMC 2019 Souvenir Committee Chairman,and National Vice President. He is also the Founding President and CEO of Deepalaya, a non-profit organization in Delhi, set up for the education of physically and mentally challengedchildren, who are socially and economically backward.



**Prof Joy Pallattumadom,** a member of the Advisory Board of the IAPC Dallas chapter, has also served as the Vice Presidentof the organization from 2015-2019. He is the editor and co-author of two academic books -Zoology for Pre-Degree Studentsand Animal Diversity for Degree Students, published by the Zoological Society of Kerala. He was the co-editor of BULBUL, an environmental bi-monthly published by Ecofraternity and the Kerala Center for Christian Higher Education during 1990-1998. He also served on the Editorial Board of the Tree India Journal, co-published by The Land Use Board Trivandrum, Friends of Trees Kottayam and Ecofraternity. He has also published articles in newspapersand magazines. He continues hissocial commitment by conducteda Malayalam language course forMalayalee children in Texas and elsewhere. Joy Pallattumadom continued his social commitment in the United States. In 2019, he compiled, wrote, and published 2 volumes of Pravasi Shrestha Malayalam books dedicated to Pravasi Malayalee children around the world. He is a member of the Pastoral Council of the Syro-Malabar Catholic Diocese of Chicago and is a member of the Knanaya Catholic Association of North America (KCCNA) and the Kerala Association of Dallas. He is currently the President of the Pravasi Malayalee Federation (PMF) North America Region.



**Anita Naveen** holds a professional degree in taxation law and a diploma in financial management, and specializes in business operations, human resources, and financial management. She was the secretary of the Vancouver chapter in 2020-2021, and has served as a media presenter with Reporter channel. She runs a small business in the Vancouver food sector in BC.



**Roopsi Narula** is an active presence and professional in the field of digital marketing. Roopsi holds an MBA from the US and holds a master's degree in Sociology. Roopsi has been involved with several print, digital and broadcast networks for around ten years, including Zee TV Americas, TV Asia, Oxford University Press and The South Asian Times.



**Shan Justus** currently works as a Software Engineering Manager for the Health and Wellness / Pharmacy Information Technology Team in San Antonio, Texas. He is also known as a creative writer who has always prioritized digital technology.



**Joji Kavanal** is a founding member of IAPC, and is also the Director of Jaihind TV USA and a former member of the North American Malankara Archdiocesan Council. He is the Editorin-Chief of Malankara Deepam, a publication of the Malankara North American Archdiocese. Joji is a member of the Council

of the New York Town Heights and Upper Westchester Malayalee Association. He was a lawyer in the Kerala High Court and has been working as a supervisor and tax professional for King Industries.



**Bins Mandapam,** a native of Thodupuzha, is currently the President of the IAPC Toronto chapter. Bins began his career as an IT professional and has worked in India, the Middle East and Europe. He moved to Canada in 2009 and has been active in volunteer and community work. He is the Founder Director of the Halton Malayalee Association and has served as president and in many other capacities. Bins, who has made his mark in the cultural arena, has taken the initiative to set up a Kerala-born cultural program, sports club, and a Malayalam school for the Malayalee community in the Halton region. He received the Halton Newcomer Strategy Award in 2016 for his contributions to multicultural promotional activities in the region.
He has also served as a social animator and member of the Parish Council at St. Alphonse's Cathedral in Mississauga.



World-renowned public health expert and columnist **Dr. S.S. Lal** is the former president of IAPC. He was the Director of IAPC from 2014 to 2016. Lal is currently the Director of the Infectious Diseases (Tuberculosis)Unit at the American Family Health International, an organization based in Washington, D.C. He has worked for the World Health Organization in many countries. Lal was part of the activities of the Global Fund in Geneva. He is a member of various advisory boards of the World Health Organization. Dr. Lal has published several scientific articles in international journals, and is alsoa Health Columnist in variouselectronic and print media. In1993, he launched India's firsttelevision health show (Pulse, Asianet), and until 2003, he hosted around 500 weekly episodes. He is enthusiastic in sharing his scientific knowledge in various channel discussions about the Covid 19 epidemic, which is now leading the world to disaster, Dr. Lal has also published several short stories and novels. Lal's collection of short stories 'Titoni' has been published by DC Books. His academic qualificationsinclude MBBS, MPH, MBA, and PhD.



**Baiju Pakalomattom,** a former secretary of the IAPC, is the Niagara Regional Director and columnist for Jaihind News. His articles have already been published in various media. He is the president of the Niagara Malayalee Society and the a member of St. Mother Teresa Syro Malabar Catholic Church. He was one of the founders of the Niagara Malayalee Association formed in 2011, and was twice elected president of the same. In 2016, he became FOKANA's Regional Vice President for Canada. In 2007, he joined the Knights of Columbus, a global Catholic organization, and is a fourth degree Knight, the highest and most prestigious degree of order in the organization.



**Anil Mathew** is one of the founding members of IAPC and a leading photojournalist who has also served as the General Secretary of IAPC.



**Sunil Manjanikkara** is the Program In-Chief at the Global Reporter Channel. Sunil, who was the program director of Jaihind TV USA, has excelled in photography and videography. He has produced several TV programsand was instrumental in launching the Syrian Orthodox Church's Visual Media Project for the American Malankara Diocese. He also served as the Public Relations Officer of the Malankara Diocese from 2017 to 2019. The news of the inauguration of Ignatius Apram II Patriarch Baba as the Supreme President of the Global Syrian Orthodox Church was reported by Sunil from Syria on behalf of Malankara TV. Sunil hosted his first reality show for Jaihind TV, which was conducted in all the states of the United States. The reality show, attended by thousands of Malayalees, aired around 250 episodes, and was a historical milestone for the channel.



**Hema Virani,** who has been active in the writing and real estate industry for more than two decades, is a self-employed consul-tantand coach. Because of her interest in health, and as a former crown winner, Hema was able to become one of the first holo body trainers to help many individuals and corporations develop healthily, aesthetically, and spiri-tually. Hema also writes articles on real estate, health, spirituality, and lifestyle.



**Aann Abraham,** currently working at Alberta Health, was previously the Project Coordinator, Academic Journal Reviewer and Educational Research-Springer for a Canadian magazine. She is one of the leading behind the scene force of souvenirs published by St. MotherTeresa Church Calgary. Shealso serves as the coordinator offree Malayalam online classes known as 'Nammalude Pallikkoodam' conducted with the help of volunteers from various provinces. Aann Abraham is also associated with 'NAMMAL' for various media projects.■

# രോഹിതാശ്വാന്റെ വിലാപം



Rajeev Nair
Edmonton

വിലം നിറഞ്ഞ പടുമരം ഞാൻ
വിരൂപൻ വിരക്തൻ
നിൽക്കുന്നു ഞാനീ വഴിയമ്പലത്തിൻ
നാൽക്കോല പെരുവഴിയിൽ

ശൽക്കം ശുഷ്ക്കിച്ചു
ശരത്ക്കാല മേഘം പോലെ
ദശാന്തരാളത്തിലെ വൃഷാകരം
ദീർഘാഹത്തിലെ ദീർഘാദ്ധ്വാവ് ഞാൻ

ഗതയാമത്തിലെ സൗഭാഗ്യ നാളുകളിൽ
ഗത്വാഗമിക്കുന്നു ഗതതാപമില്ലാതെ
പുരണ തീരത്തല്ല ഈ
പുര തടി പൂരത്തിൽ

ശാർദൂലനായ് നിന്നു
ശരതലിപ്പൂ പൊഴിച്ച ഇലവങ്കം ഞാൻ
ലാസ്യ നിലാവിലെ ശംബര
ലാവണ്യമാർന്ന ലാലാടിക

ഉത്തരായാനത്തിലെ ഉഷ്ണതാപങ്ങളിൽ
ഉന്മത്ത ദിക്കിന്റെ സൗരതാപാങ്ങളിൽ
സൗപർണ്ണേയനും സൂഫിക്കും
സൗഭരിക്കും സഹസ്രപദനും തണലാറ്റിയ
സൗവസ്തികൻ ഞാൻ

നാൽപ്പാടുമുള്ള നാരായണ കിളികൾക്ക്
നാൽപ്പാമരം പോലെ ദുഗ്ദ്ധം കൊടുത്തവൾ
ആഷാഢം പെയ്തു പോയി മാധവം വന്നുപോയി
ആ ക്ലേദം രോധിച്ചു ഈ സ്തന്യധാത്രി

മഴയിലും മാലിലും
മഴുപായ മരതകക്കാലം
സൗശീല്യം എങ്ങോ മറഞ്ഞു പോയി
സൗഭാഗ്യം എന്തോ തിരഞ്ഞു പോയി

ഗൂഢപാദങ്ങൾ
ഗമിച്ചെന്റെ വിലം വടുക്കളിൽ
നങ്ങച്ചിപുല്ലുകൾ വേര് പാകി
നനവാർന്നു ശുഷ്കിച്ച ഗാത്രങ്ങളിൽ

പ്രാണച്ഛേദം പതിക്കുന്നു കർണ്ണങ്ങളിൽ
പൃഷ്ട്ടദംഗത്തിന്റെ മഴുമാല കാൺപൂ ഞാൻ
പറയാനിനി ഇവിടെയൊന്നുമില്ല
പദം പറച്ചിലിൻ പഴമാലകൾ മാത്രം

ദീപോപചാരത്തിനായി ശ്മശാനം വിളിക്കുന്നു
ദുഃഖഗാന്ധാരം മീട്ടുന്നു തതവാദ്യ തന്ത്രികൾ എനിക്കുവേണ്ടി
രോധിക്കാം വിലപേശാം പാതിവസ്ത്രത്തിന്
രോഹിതാശ്വാന്റെ വിലാപം പോലെ.


# COUNTRY HILLS AUTOMECH

വാഹന സംബന്ധമായ എല്ലാ ജോലികളും പൂർണ്ണ ഉത്തരവാദിത്വത്തോടു കൂടി ചെയ്തു കൊടുക്കപ്പെടുന്ന കാൽഗരിയിലെ വിശ്വസ്ത മലയാളി സ്ഥാപനം!



**OIL CHANGE, TIRE CHANGE, TIRE ROTATION, BREAKS, WHEEL ALIGNMENT, SUSPENSIONS, REMOTE START, WINDSHEILD REPLACEMENT, ETC.**





**CALL 403-503-9999 OR TEXT 587-284-7962**

**UNIT 1090, 11124 36 ST NE. CALGARY**

**OPPOSTIE PRINCESS AUTO NE**



# ഇത്തിരി നേരം ഒരു ചിരിയിൽ ഒത്തിരി കാര്യം




Philip Marrot
New Jersey


**ചിരി ഒരു ആന്തരിക അവസ്ഥക്ക് കാരണമായ ഒരു ബാഹ്യ സ്വഭാവം എന്നതിലുപരി, വളരെ ആശയവിനിമയം നടത്താനും പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും അതുപോലെ ബന്ധങ്ങളെ നിയന്ത്രിക്കാനും സഹായിക്കുന്നു.**

ഇത്തിരിനേരത്തേക്കുള്ള ഒരു ചിരിയിൽ ഒത്തിരി കാര്യങ്ങൾ അടങ്ങിയിരിക്കുന്നു എന്ന് നമ്മളിൽ പലർക്കും അറിയില്ലാ എന്നതാണ് സത്യം. ചിരി എന്നത് മസ്തിഷ്കം നിയന്ത്രിക്കുന്ന മനുഷ്യന്റെ പെരുമാറ്റത്തിന്റെ ഭാഗമാണ്. അതുപോലെ ചിരി, സാമൂഹിക ഇടപെടലുകളിൽ അവരുടെ ഉദ്ദേശ്യങ്ങൾ വ്യക്തമാക്കാനും, സംഭാഷണങ്ങൾക്ക് വൈകാരിക പശ്ചാത്തലം നൽകാനും സഹായിക്കുന്നു. ചിലപ്പോൾ ഒരു ഗ്രൂപ്പിന്റെ  ഭാഗമാകുന്നതിനുള്ള ഒരു സിഗ്നലായി ചിരി ഉപയോഗിക്കുന്നു. ഇത് മറ്റുള്ളവരുമായുള്ള സ്വീകാര്യതയെയും നല്ല ഇടപെ ടലിനെയും സൂചിപ്പിക്കുന്നു. ചിരി ചിലപ്പോൾ ഒരു പകർച്ചവ്യാധിയായി കാണപ്പെടുന്നു. കാരണം ഒരു വ്യക്തിയുടെ ചിരികൊണ്ടുതന്നെ മറ്റുള്ളവരിൽ നിന്നും ചിരിയുണ്ടാക്കുവാൻ സാധിക്കുന്നു.

ചിരിയുടെ സ്വഭാവത്തെക്കുറിച്ചുള്ള നിരവധി അനുമാനങ്ങളെ പറ്റി ചിന്തിച്ചാൽ ഇത് സ്വതസിദ്ധവും അനിയന്ത്രിതവുമാണെന്ന സങ്കൽപ്പങ്ങൾക്ക് വിരുദ്ധമായി, നമ്മുക്ക് ചുറ്റുമുള്ള സംസാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ചിരി ക്രമാനുഗതമായി



**ചിരി തെറാപ്പി ഉപയോഗിക്കുന്നതിന്റെ ചില ഗുണങ്ങൾ, മാനസിക പിരിമുറുക്കം ലഘൂകരിക്കാനും, ശരീരത്തിന് മുഴുവൻ വിശ്രമം നൽകാനും കഴിയും എന്നതാണ്. ഇത് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും വേദന ഒഴിവാക്കാൻ എൻഡോർഫിനുകൾ പുറത്തുവിടുകയും ചെയ്യുന്നു. കൂടാതെ, രക്തയോട്ടം വർധിപ്പിക്കുകയും രക്തക്കുഴലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഹൃദ്രോഗം തടയാൻ ചിരി സഹായിക്കുന്നു.**

ക്രമീകരിച്ചിരിക്കുന്നതും, കൃത്യമായി സ്ഥാപിച്ചിരിക്കുന്നതും, ആണ് എന്ന് മനസിലാക്കാം. എന്നാൽ ഇത് നർമ്മത്തോടുള്ള പ്രതികരണം എന്നതിലുപരി, പലപ്പോഴും അതിലോലമായതും ഗൗരവമുള്ളതുമായ നിമിഷങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടി പ്രവർത്തിക്കുന്നു. ചിരി ഒരു ആന്തരിക അവസ്ഥക്ക് കാരണമായ ഒരു ബാഹ്യ സ്വഭാവം എന്നതിലുപരി, വളരെ ആശയവിനിമയം നടത്താനും പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും അതുപോലെ ബന്ധങ്ങളെ നിയന്ത്രിക്കാനും സഹായിക്കുന്നു.

ചിരിയെ വിശദീകരിക്കുന്ന ഒരു പൊതു സിദ്ധാന്തത്തെ റിലീഫ് സിദ്ധാന്തം എന്ന് വിളിക്കുന്നു. ചിരി എപ്പോഴും 'മാനസിക ഊർജ്ജം' പുറപ്പെടുവിക്കുന്നു. ചിരി ഒരാളുടെ ആരോഗ്യത്തിന് ഗുണകരമാണെന്ന വിശ്വാസങ്ങളുടെ ന്യായീകരണങ്ങളിലൊന്നാണ് ഇത്. എന്നാൽ ഡയഫ്രത്തിന്റെയും ശ്വസന വ്യവസ്ഥയുടെ മറ്റ് ഭാഗങ്ങളുടെയും താളാത്മകവും പലപ്പോഴും കേൾക്കാവുന്നതുമായ സങ്കോചങ്ങൾ ഉൾക്കൊള്ളുന്ന ഒരു ശാരീരിക പ്രതികരണമാണ് ചിരി. അതുപോലെ ചില ബാഹ്യമോ ആന്തരികമോ ആയ ഉത്തേജകങ്ങളോടുള്ള പ്രതികരണമാണിത്. ചിലപ്പോൾ ഇക്കിളിപ്പെടുത്തിയും ചിരി കൊണ്ടുവരാം. മിക്ക ആളുകൾക്കും ഇത് അരോചകമാണെന്ന് തോന്നുമെങ്കിലും, ഇക്കിളിപ്പെടുത്തുന്നത് പലപ്പോഴും കനത്ത ചിരിക്ക് കാരണമാകുന്നു, ഇത് ശരീരത്തിന്റെ അനിയന്ത്രിതമായ പ്രതിഫലന മാണെന്ന് കരുതപ്പെടുന്നു.

പ്രകൃതിദത്തമായ ഔഷധമായതിനാൽ ചിരി ഒരു ചികിത്സാ ഉപകരണമായി വർഷങ്ങളായി ഉപയോഗിച്ചുവരുന്നു. ചിരി എല്ലാവർക്കും ലഭ്യമാണ്, അത് ഒരു വ്യക്തിയുടെ ശാരീരികവും വൈകാരികവും സാമൂഹികവുമായ ക്ഷേമത്തിന് നേട്ടങ്ങൾ നൽകുന്നു. ചിരി തെറാപ്പി ഉപയോഗിക്കുന്നതിന്റെ ചില ഗുണങ്ങൾ, മാനസിക പിരിമുറുക്കം ലഘൂകരിക്കാനും, ശരീരത്തിന് മുഴുവൻ വിശ്രമം നൽകാനും കഴിയും എന്നതാണ്. ഇത് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും വേദന ഒഴിവാക്കാൻ എൻഡോർഫിനുകൾ പുറത്തുവിടുകയും ചെയ്യുന്നു. കൂടാതെ, രക്തയോട്ടം വർധിപ്പിക്കുകയും രക്തക്കുഴലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഹൃദ്രോഗം തടയാൻ ചിരി സഹായിക്കുന്നു. അതുപോലെ ഉത്കണ്ഠയോ, ഭയമോ കുറയ്ക്കുക, മൊത്തത്തിലുള്ള മാന സികാവസ്ഥയെ മെച്ചപ്പെടുത്തുക, ഒരാളുടെ ജീവിതത്തിൽ സന്തോഷം ചേർക്കുക, എന്നിങ്ങനെ ചില വൈകാരിക നേട്ടങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നു.

ചിരിയുമായി ബന്ധപ്പെട്ട പ്രാഥമിക പഠനത്തിൽ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക, ടീം വർക്ക് മെച്ചപ്പെടുത്തുക, സംഘട്ടനങ്ങൾ കുറയ്ക്കുക, മറ്റുള്ളവർക്ക് സ്വയം കൂടുതൽ ആകർഷകമാക്കുന്ന രീതിയിൽ പ്രവർത്തിക്കുക, എന്നിങ്ങനെയുള്ള ചില സാമൂഹിക നേട്ടങ്ങളും ചിരി തെറാപ്പിക്ക് ഉണ്ട്. അതിനാൽ, ഒരു വ്യക്തി, ഒരു മാരകമായ രോഗത്തെ നേ രിടാൻ ശ്രമിക്കുകയാണെങ്കിലും, അല്ലെങ്കിൽ അവരുടെ സമ്മർദ്ദമോ ഉത്കണ്ഠയോ നിയന്ത്രിക്കാൻ ശ്രമിക്കുകയാണെങ്കിലും, ചിരി തെറാപ്പി അവരുടെ ജീവിതത്തെ ഗണ്യമായി മെച്ചപ്പെടുത്തും എന്നുകൂടി മനസിലാക്കാം. എന്നാൽ ചിരി എന്നത് കേൾക്കാവുന്ന ഒരു പ്രകടനമായോ, ആവേശത്തിന്റെ രൂപമായോ, സന്തോഷത്തിന്റെ ഒരു ആന്തരിക വികാരമായിട്ടോ ഇതിനെ കണക്കാക്കാം.

സാധാരണയായി ആളുകൾ ഒരു ദിവസം 18 തവണ ചിരിക്കുന്നു. തൊണ്ണൂറ്റിയേഴു ശതമാനം സമയവും നമ്മൾ മറ്റുള്ളവരുമായി ചിരിക്കുന്നു. ഇത് ഒറ്റയ്ക്ക് ചിരിക്കുന്നതിനേക്കാൾ മുപ്പത് മടങ്ങ് കൂടുതലാണ്, എന്നാൽ മറ്റുള്ളവരുമായി ചിരിക്കാനുള്ള സാധ്യതയെ



കുറിച്ച് ഒന്നാലോചിച്ചു നോക്കൂ: എപ്പോഴാണ് നിങ്ങൾ അവസാന മായി ഒരു തമാശയുള്ള ചിന്തയിൽ മുഴുകിയതും അത് കേട്ട് ഉറക്കെ ചിരിച്ചതും? ഇപ്പോൾ കുറച്ചുകൂടി ചിന്തിക്കുക: നിങ്ങൾ എപ്പോഴൊക്കെ എത്ര തവണ ചിരിക്കുമ്പോഴും, അല്ലെങ്കിൽ നിങ്ങളുടെ സുഹൃത്തുക്കൾ എന്തെങ്കിലും പറഞ്ഞ് ചിരിക്കുമ്പോഴും, അത് യഥാർത്ഥത്തിൽ തമാശയാണോയെന്ന്?. പക്ഷേ ആളുകൾ ചിരിക്കുന്നതിന്റെ എൺപത് ശതമാനവും ശരിക്കും തമാശയല്ലെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു.

ചിരിയുടെ പൊതുവായ കാരണങ്ങൾ സന്തോഷത്തിന്റെയും നർമ്മത്തിന്റെയും സംവേദനങ്ങളാണ്. എന്നിരുന്നാലും, മറ്റ് ചില സാഹചര്യങ്ങളും ചിരിക്ക് കാരണമായേക്കാം. മനുഷ്യന്റെ ചിരിക്ക് അതിന്റെ ജൈവിക ഉത്ഭവം ഉണ്ടായിരിക്കാമെന്നാണ് അനുമാനം, എന്നാൽ ഇതിനു വിപ രീതമായി, മനുഷ്യർക്ക് മാത്രം അനുഭവപ്പെടുന്ന അസ്തിത്വപ രമായ ഏകാന്തതയുടെയും, മരണത്തിൻറെയും, വികാരത്തോടുള്ള പ്രതികരണമായിട്ടാണ് ചിരിയെ നിർദ്ദേശിച്ചിരിക്കുന്നത്. ചിരി നിങ്ങളുടെ ഏത് പ്രായത്തിലും എങ്ങനെ തമാശയായിരിക്കണമെന്ന് പഠിക്കുകയും, നർമ്മബോധം മെച്ചപ്പെടുത്തുകയും, ചെയ്യുന്നതുപോലെ നിങ്ങളുടെ മുഴുവൻ ജീവിതവും രസകരവും വിനോദപ്രദവും കൂടുതൽ ആസ്വാദ്യകരമാക്കുകയും ചെയ്യുന്നു.

പാൻഡെമിക്കിനെ നേരിടാൻ നാം സ്വയം അടിച്ചേൽപ്പിക്കുന്ന ഒറ്റപ്പെടൽ സാമൂഹിക ഇടപെടലുകളെ സാരമായി വെട്ടിക്കുറയ്ക്കുന്നു, ഇത് ചിരി കുറയുന്നതിലേക്ക് നയിക്കുന്നു, പ്രതിസന്ധി അവസാനിച്ചതിനുശേഷവും, കൂടുതൽ ആളുകൾ വീട്ടിൽ നിന്ന് മാത്രം ജോലിചെയ്യാൻ സാധ്യതയുണ്ട്, അതിനർത്ഥം ചിരിയുടെ പ്രശ്നം ഇവിടെ നിലനിൽക്കും. കാരണം സാങ്കേതികവിദ്യ എത്ര മികച്ചതാണെങ്കിലും, സാമൂഹിക സ്വഭാവവും ന്യൂറോകെമിസ്ട്രിയും ആയിരക്കണക്കിന് വികസിക്കുന്നു. അതിനാൽ രണ്ട്, ഇരുപത്, അല്ലെങ്കിൽ ഇരുന്നൂറ് വർഷങ്ങൾ പിന്നിട്ടാൽ പോലും സാങ്കേതികവിദ്യയുടെ വേഗത പെട്ടെന്ന് ത്വരിതപ്പെടുത്താൻ സാധ്യതയില്ലാത്തതിനാൽ, ചിരിപ്പിക്കാൻ നേതാക്കൾ നന്നായി ശ്രമിക്കേണ്ടതുണ്ട്.

സന്തോഷം ഒരു മാന സികാവസ്ഥയാണ് എന്നു നിങ്ങൾക്കറിയാം. ഒരാൾ എക്കാലവും സന്തുഷ്ടനാണെന്ന് വിശ്വസിക്കുന്നില്ല. കാരണം ഒരാൾ ചില കാര്യങ്ങളിൽ സന്തുഷ്ടനായിരിക്കും, മറ്റു കാര്യങ്ങളിൽ സന്തുഷ്ടനായിരിക്കില്ല. യഥാർത്ഥത്തിൽ സന്തുഷ്ടനാകാൻ നിങ്ങൾക്ക് നർമ്മബോധം ഉണ്ടായിരിക്കണം. നിങ്ങളുടെ സ്വന്തം നർമ്മബോധത്തിൽ ഉണ്ടാകുന്ന ആഹ്ളാദത്തെ നിങ്ങൾ തടയേണ്ടതില്ല. നമുക്ക് നമ്മുടെ വ്യക്തിത്വം അംഗീകരിക്കുകയും അതിനെ ബഹുമാനിക്കാൻ നമുക്ക് സ്വയം അനുമതി നൽകുകയും ചെയ്യാം. അതുകൊണ്ട് നിങ്ങളുടെ ചിരി അടക്കി നിർത്തരുത്. ഇത്തരി നേരം ഉറക്കെ ചിരിക്കൂ, നിർത്താതെ ചിരിക്കൂ.

എല്ലാവർക്കും എന്റെ ചിരി ആശംസകൾ! ■




# Dr. Joseph Chalil IAPC Ex Chairman and Board Director Honored at AAPI Global Summit at Hyderabad

Dr. Mathew Joys, Las Vegas

**Hyderabad: January 18th, 2022:** The Healthcare industry in India and worldwide is rapidly changing, leading to many describing the healthcare environment as dynamic, complex, and highly uncertain. How the health care environment is perceived and characterized is vital for several reasons. In this context, continuing with the traditions on the successful experiences of the past Global Health Summits, the largest ethnic medical organization in the United States, The American Association of Physicians of Indian Origin (AAPI) organized the next edition of the influential Healthcare CEOs Forum on January 7th in Hyderabad during the 15th annual Global Healthcare Summit 2022.

During the much anticipated CEOs Forum, a panel of healthcare experts, health industry leaders, opinion makers, and community organizers discussed the significance of promoting Preventive healthcare in India.

The CEO Forum Unanimously approved "An Appeal by AAPI to the Government of India to initiate efforts for creating an Indian Preventive Task Force (IPTF) and conduct annual preventive healthcare screenings nationwide," benefitting the 1.4 billion people in India.

Prof. Joseph Chalil, Chair of AAPI's CEO Form, who organized such an elite panel of healthcare leaders, said, "AAPI, under the guidance of President Dr. Anupama Gotimukula, would like to collaborate with the Healthcare leaders in proposing the creation of an Indian Preventive Task Force (IPTF). IPTF guidelines should be promoted and implemented as part of the annual physical exam or telemedicine visit at government hospitals and primary care centers. We envision a great future for our country with the direct result of complex interactions at this forum with your assistance, guidance, and experience."

"At the CEO forum, AAPI is excited to perceive, debate, and walk towards a common goal of "Preventive medicine is better than Cure." We intend to promote preventive care guidelines in India by collaborating with Indian Physicians, Pharmaceutical companies, modern diagnostic labs, medical device companies, robust hospital chains, and public health experts," Prof (Dr) Joseph M. Chalil, Chair of the Complex Health Systems

advisory board at Nova Southeastern University's School of Business; Chairman of the Indo-American Press Club and The Universal News Network publisher, added.

In her eloquent keynote address, Dr. Sangita Reddy, a Global Healthcare Leader, Indian Entrepreneur, and Humanitarian, is the Joint Managing Director of Apollo Hospitals Enterprise Limited – Asia's largest and most trusted healthcare group, shared her passion for the care of the masses, using technology to reach out. Her conviction in using the Internet for patient management was substantiated by an MOU signed between Apollo Hospitals and AAPI for Telemedicine for Second Opinions. "Healthcare is in the center stage as never been before. Let us work together to bring about the transformation in healthcare. Technology is the great growling engine of change and transformation. It transforms quietly and silently," she said.

Attended by a record 17 senior leaders from the healthcare industry, several challenges were addressed by multiple renowned speakers from the healthcare field, deliberating on the healthcare delivery system in India. Expert panelists who were part of the CEO Forum included: Prof. MD Nalapat, Vice-Chair of Manipal Advanced Research Group; Prof. (Dr.), Joseph M Chalil Global Healthcare Strategist & Best Selling Autor; Dr. Sangita Reddy, Joint Managing Director of Apollo Hospitals Enterprise Limited; Dr. Juby A Jacob-Nara, Vice President, Head of Global Medical- Respiratory Allergy & Gastroenterology (Sanofi-Genzyme); Dr. Anuj Maheshwari, the current Governor of the American College of Physicians




India Chapter and the Vice President of Research Society for Study of Diabetes in India (RSSDI);

Dr. Gurava Reddy, Founder & Chairman, Sunshine Hospitals; Dr. Karthik Anantharaman Chief Operating Officer, Karnataka cluster of Roche India; Dr. Vikas Bhatia, Director of All India Institute of Medical Sciences, Hyderabad, and the founder, Dean of AIIMS Bhubaneshwar; Gaurav Agarwal, Managing Director of IITPL and co-founder of Involution Healthcare Pvt. Ltd; Shekhar Sattiraju, Senior Director – Takeda Pharmaceuticals, USA; Dr. Aarti Shah, Trustee, SRLC-USA; former senior VP of Eli Lilly; Dr. Neyas Mohammed, Chairman, AEC GROUP; Dr. Murthy Gokula, CEO & Founder, Global Tele Clinics; Dr. Venkat Ramana Sudigali, Founder-Director Excell Multispeciality Hospital, Hyderabad; Mr. Narayana Rao Sripada, Founder/CTO, Salcit Technologies Pvt. Ltd; and Ravi Gopalan, President & CEO of Argusoft India Ltd.

Urging the Government of India to encourage private hospitals and insurance companies to provide Annual Physical exams, or Telehealth visits at an affordable cost to patients, the CEO Forum members stated, "many routine lab tests, vaccinations, blood pressure checks, and some cancer screenings like self-breast examination can be done remotely and even at patients' homes with the help of Asha workers."

"AAPI will be happy to collaborate with American Association of Physicians of Indian Origin (AAPI), the largest ethnic physician organization in the United States, representing over 100,000 Indian American Physicians, has initiated preventive healthcare screenings in 75 Indian villages to diagnose any silent diseases, which are causing premature deaths from Diabetes, Hypertension, Renal disease, Coronary heart disease and cancers like Breast cancer, cervical cancer, which are preventable if diagnosed early through these annual screenings. ■



# ബംഗാളി പഞ്ചർ



Jimmy John

**അവന്റെ കണ്ണുകൾ പകുതി നിറഞ്ഞിട്ടുണ്ട്.. 'മാഫ് കീജിയേ ഭായ്.. മുജേ മാഫ് കീജിയേ' എന്ന് ഹിന്ദിയിലും 'എന്നോട് ക്ഷമിക്കു..' എന്ന് ബംഗാളി ടോണുള്ള മലയാളത്തിലും അവൻ മാറി മാറി പറയുന്നുണ്ടായിരുന്നു..**

## വണ്ടി

പഞ്ചർ ആയതിന്റെ അധികദൂരം അല്ലാതെ തന്നെ ഒരു പഞ്ചർ കട കണ്ടത് എനിക്ക് വലിയ അനുഗ്രഹമായ് തോന്നി..

പഞ്ചർ ഉണ്ടാക്കിയ ദൗർഭാഗ്യത്തേക്കാൾ പഞ്ചർ ഒട്ടിക്കാൻ തൊട്ടടുത്ത് ഒരു പഞ്ചർ കട കണ്ടെത്തിയതാണ് ഭാഗ്യം എന്ന് ഞാൻ കരുതി..

പട്ടണത്തിലേക്കുള്ള ദൂര യാത്രയിലാണ് ചെറുപ്പക്കാരനായ അഥിതി തൊഴിലാളിയായ ബംഗാളി ബൈക്കിന് കൈ കാണിച്ചതും എന്തോ അപ്പോഴത്തെ മൂഡ് കൊണ്ട് അയാളെ കൊണ്ടു പോകാൻ തീരുമാനിച്ചതും.. അധികം ദൂരെയല്ലാതെ തന്നെ ടയർ പഞ്ചറായപ്പോൾ ആ ബംഗാളി തനിക്കൊപ്പം വിഷമിക്കുന്നതും വണ്ടി നിർത്തിയപ്പോൾ ഒരു പഞ്ചർ കട കണ്ടെത്തി സഹായിക്കാൻ കൂടെ നിന്നതും അയാളോട് ഒരു വല്ലാത്ത സ്നേഹവും നന്ദിയും കടപ്പാടുമൊക്കെ ഉള്ളിൽ തോന്നിപ്പിച്ചു.

പഞ്ചർ കടയിൽ പണി ചെയ്യുന്നതും ഒരു ബംഗാളിയായിരുന്നു. അയാൾ എന്നോട് എന്തോ മലയാളത്തിൽ പറഞ്ഞത് എനിക്ക് വ്യക്തമായില്ല എന്ന് മനസ്സിലാക്കിയ പുതിയ ബംഗാളി സുഹൃത്ത്, പണിക്കാരനുമായ് ബംഗാളിയിൽ എന്തോ സംസാരിച്ച ശേഷം എനിക്ക് കാര്യങ്ങൾ മനസ്സിലാക്കി തരാൻ ശ്രമിച്ചു.

ഇതിൽ ഇപ്പോൾ തന്നെ ഒന്നിൽ കൂടുതൽ പഞ്ചർ ഉണ്ടായിരുന്നെന്നും അതയാൾ ഇപ്പോൾ കാണിച്ച് തരുമെന്നുമാണ് അയാൾ പറഞ്ഞത്.. ടയറും ട്യൂബും മാറ്റാൻ നേരമായത്രേ..

ട്യൂബിൽ കാറ്റുനിറച്ച് കലങ്ങി കിടന്ന വെള്ളത്തിൽ മുക്കി എടുക്കുമ്പോൾ അവിടെ രണ്ടു മൂന്ന് സ്ഥലത്തുനിന്ന് കുമിളകൾ പൊങ്ങിയത് ട്യൂബ് പലയിടത്തായി പഞ്ചർ ആണെന്ന് പറഞ്ഞതിനെ സാധൂകരിക്കുന്നതായിരുന്നു..

അവർക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിത്തരാൻ അധികം സമയമെടുത്തില്ല..

മനസ്സില്ലാമനസ്സോടെ ട്യൂബും ടയറും മാറ്റാൻ എന്താകുമെന്ന് ഞാൻ കടക്കാരനോട് ചോദിച്ചു..

മറ്റ് പല ആവശ്യങ്ങൾക്കുമെടുത്ത് വെച്ചിരുന്ന കാശ് പതിയെ പതിയെ തീരുന്നത് ഞാനറിഞ്ഞിരുന്നില്ല..

ഒടുവിൽ ട്യൂബും ടയറും മാറ്റി യാത്ര തുടരുമ്പോൾ രക്ഷകനായി കൂടെയുണ്ടായിരുന്ന ബംഗാളി പയ്യനും ഒപ്പമുണ്ടായിരുന്നു.. പട്ടണത്തിൽ എത്തി അവൻ ഇറങ്ങേണ്ട സ്ഥലത്ത് ഇറങ്ങി യാത്ര പറഞ്ഞു പോകുമ്പോൾ കയ്യിൽ ഒരു 100 രൂപയും വച്ച് തൻറെ ഇന്നത്തെ ദിവസത്തെ പ്രതിസന്ധികളിൽ കൂടെ നിന്ന് സഹായിച്ചതിന് നന്ദി സൂചകമായി അവനെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു..

എന്നാൽ ആ കാശ് വാങ്ങാൻ അവൻ മടി കാണിക്കുന്നതും പ്രശ്നങ്ങൾക്കിടയിലും തന്റെ സ്നേഹവും വാൽസല്യവും അവനെ വീർപ്പുമുട്ടിക്കുന്നതുമായ് എനിക്ക് തോന്നി..

എന്തായാലും അവൻ പോയിക്കഴിഞ്ഞ് ഒന്നു രണ്ട് ഫോൺ കോളുകൾ കഴിഞ്ഞ് ഒരു ചായക്കടയിൽ കയറി ചായ കുടിച്ച് ഇറങ്ങുമ്പോൾ ആ ബംഗാളി പയ്യൻ എന്നേ കാത്ത് എന്റെ ബൈക്കിന്റെ അരികത്ത് നിൽക്കുന്നത് കണ്ട് എനിക്ക് ആശ്ചര്യമായ്..

അവന്റെ കണ്ണുകൾ പകുതി നിറഞ്ഞിട്ടുണ്ട്..

'മാഫ് കീജിയേ ഭായ്.. മുജേ മാഫ് കീജിയേ' എന്ന് ഹിന്ദിയിലും 'എന്നോട് ക്ഷമിക്കൂ..' എന്ന് ബംഗാളി ടോണുള്ള മലയാളത്തിലും അവൻ മാറി മാറി പറയുന്നുണ്ടായിരുന്നു..

ഞാൻ വിഷമിക്കാതെ കാര്യങ്ങൾ എന്താണെന്ന് പറയൂ എന്ന് പറഞ്ഞ് ആശ്വസിപ്പിച്ചപ്പോൾ അവൻ രാവിലെ മുതലുള്ള സംഭവങ്ങൾ ഒന്നൊന്നായി എനിക്ക് വിവരിച്ചു തന്നു..

രാവിലെ കൈ കാണിക്കുന്നത് മുതലുള്ള കാര്യങ്ങൾ വിവരിച്ചപ്പോൾ സത്യത്തിൽ ഞാൻ ഞെട്ടിപ്പോയ്..

പഞ്ചർ ഉണ്ടാക്കി കസ്റ്റമേഴ്സിനെ കടയിലെത്തിക്കുന്ന ഒരു ഏജന്റാണത്രേ അവൻ!..

പഞ്ചർ കടയുടെ അടുത്ത് വണ്ടി സ്ലോ ആയപ്പോൾ ആരും കാണാതെ ടയർ പഞ്ചർ ആക്കിയതും..

അതേ പഞ്ചർ കടയിലേക്ക് വിളിച്ചു കൊണ്ടു പോയതും, കലങ്ങിയ വെള്ളത്തിൽ ഒളിച്ചു വെച്ചിരിക്കുന്ന ആണികൾ കൊണ്ട് കൂട്ടുകാരൻ കൂടുതൽ പഞ്ചറുകൾ ഉണ്ടാക്കി ട്യൂബ് ഉപയോഗ്യ ശൂന്യമാക്കിയതും.. ഇമോഷണലീ ബ്ലാക്ക്മെയിൽ ചെയ്ത് ട്യൂബും ടയറും മാറ്റിപ്പിച്ചതും.. ഒന്നുമറിയാത്ത പോലെ പിന്നെയും യാത്രയിൽ കൂടിയതും ഒക്കെ പറഞ്ഞ് കേട്ടപ്പോൾ കുറച്ച് മുൻപ് താൻ കരുതിയ 'ആപത്തിൽ സഹായിക്കാൻ വന്നുവെന്ന് കരുതിയ മാലാഖ' സത്യത്തിൽ 'പതിനാറാടിയന്തരം നടത്താൻ കൂടെ കൂടിയ കാലമാടനായിരുന്നു.' എന്ന തിരിച്ചറിവ് പറഞ്ഞറിയിക്കാനാവാത്ത ഏതൊക്കെയോ വികാര വിക്ഷോഭത്തിലേക്കും വേറൊരു ലോകത്തിലേക്കും എന്നെ കൊണ്ടുപോയിരുന്നു..

'മുച്ചേ മാഫ് കീജിയേ' എന്നുള്ള ഏങ്ങലടിച്ചുള്ള കരച്ചിൽ എന്നെ വീണ്ടും അവിടേക്ക് തന്നെ തിരിച്ചു കൊണ്ടു വന്നു..

മുട്ടിലിരുന്നു കാലിൽ പിടിച്ച് കൊണ്ട് അയാൾ വീണ്ടും പറഞ്ഞു കൊണ്ടിരുന്നു..

ഇത്രയൊക്കെ ചെയ്തിട്ടും ഒടുവിൽ പോകാൻ നേരം നൂറ് രൂപയും തന്ന് ആശ്വാസവാക്കുകളോടുകൂടി പറഞ്ഞു വിട്ടപ്പോൾ നാട്ടിലെ തൻറെ സ്നേഹനിധിയായ അച്ഛനെയാണ് ഓർമ്മ വന്നതത്രേ..

ആ കാശ് കൈയ്യിലിരുന്ന് തന്നെ പൊള്ളിക്കുകയായിരുന്നു എന്നവൻ വിതുമ്പി..

താൻ വലിയ അപരാധമാണ് ചെയ്തത്.. തന്നെ ശിക്ഷിക്കൂ.. എന്ന് അവൻ കൂടെ കൂടെ പറയുന്നുണ്ടായിരുന്നു..

ഞാൻ അവനോട് പറഞ്ഞു, 'ഈ കാര്യം നീ അല്ലാതെ വേറൊരാളാണ് എന്നോട് പറഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ ഞാൻ നിന്നെ ശിക്ഷിക്കുകയോ പോലീസിൽ ഏൽപ്പിക്കുകയോ ചെയ്യുമായിരുന്നു..'

'നിനക്ക് തെറ്റ് ശരിക്കും മനസ്സിലായെങ്കിൽ, മനസ്തപിച്ചെങ്കിൽ ഇനി അതിൻറെ ആവശ്യമില്ല.. മേലിൽ ഇതാവർത്തിക്കാതിരിക്കുക.'

കാപട്യമില്ലാത്ത ഒരു വാത്സല്യവും സൗഹൃദവും വീണ്ടും പെട്ടെന്ന് നാമ്പിട്ടു.. അവൻ തൻറെ പഴയ ജോലി ഉപേക്ഷിക്കുകയാണെന്നും പുതിയൊരു ജോലി അന്വേഷിക്കുകയാണ് എന്നും എന്നോട് പറഞ്ഞു..


താൻ രാവിലെ പട്ടണത്തിലെ റിക്രൂട്ടിങ് ഏജൻസിയിലേക്ക് തന്റെ കടയിൽ സാധനങ്ങൾ എടുത്തു കൊടുക്കുവാൻ ഒരാളെ അന്വേഷിച്ചു വന്നതാണെന്നും..

സമ്മതമാണെങ്കിൽ കൂടെ പോന്നോളു എന്നും പറഞ്ഞപ്പോൾ അവന്റെ മുഖത്ത് വീണ്ടും സന്തോഷത്തിന്റെ പുതു കിരണങ്ങൾ നാമ്പിടുന്നത് ഞാൻ കണ്ടു..■

# IAPC Alberta Chapter Activity Report for the year 2021

Joseph John, President, IAPC Alberta Chapter

**Amidst the pandemic, IAPC Alberta Chapter organized various activities in 2021as follow**




## 1. Seminar on 'Post-Covid Era Economy.'

IAPC chapters of Alberta and British Columbia jointly organized a seminar on 'Post-Covid Era Economy.'


Special invitees, Dr. S. Mohammad Irshad. (Jamsetji Tata School of Disaster Studies, Tata Institute of Social Sciences, Mumbai, India), and Dr. Edayankara Muralitharan (School of Business-MacEwan University, Edmonton, Canada) presented the studies on the upcoming world economic system before Covid and after the Covid period with the evidence of data available at that time. IAPC chairman Dr. Joseph Chalil presided over the ceremony, and the director board member Dr. P V Baiju was the moderator for the seminar.


Kumari Angelina Jose, a rising singer from Calgary, sang the patriotic song. Neetu Shivaram (B.C. Chapter Treasurer) was M.C. of the ceremony. For the meeting, Binoj Kuruvail (Vice President Alberta Chapter) delivered the welcome speech and vote of thanks by Anita Naveen (Secretary-B.C. Chapter).




## 2. Launching of website www.iapcalberta.com


Alberta chapter, by the initiative of their members, launched their website www.iapcalberta.com in 2021.




## 3. Publishing of Alberta Chronicle (A Bilingual E-Magazine)

During this pandemic period, Alberta Chapter took the initiative and collected articles from IAPC members and well-wishers from all over North America and published its second and third issues to the public.




## 4. Appreciation of the COVID Warriors

IAPC Alberta Chapter acknowledges COVID Warriors' services (the front-line health workers) of IAPC family members by providing Certificate of Appreciation. Alberta chapter provided fourteen certificates to the family members working in the health care system.

Alberta Chapter members extend our gratitude to all the board of directors, especially Dr. Thomas Mathew Joys and Ginsmon Zacharia, for their valuable advice and direction.

Thanks to all supporters and well-wishers from the bottom of our hearts.







# ഒമിക്രോണും ഓർമ്മ കുർബ്ബാനയും



Joseph John
Calgary

**ഓർമ്മവച്ച കാലം മുതൽ മുതിർന്നവർ പറഞ്ഞു പറഞ്ഞ് ഊട്ടി ഉറപ്പിച്ചിട്ടുള്ള ഒരു കാര്യമാണ് 'ദൈവം അറിയാതെ നിന്റെ തലയിലെ ഒരു മുടി പോലും പൊഴിയുന്നില്ല' എന്ന്. അപ്പോൾ ഈ ദൈവം അറിഞ്ഞു തന്നെയല്ലേ കൊറോണയും വന്നത്?**

മത്തായിയുടെ അമ്മയുടെ വേർപാടിനു ശേഷം നാട്ടുനടപ്പനുസരിച്ച് ഒരുവർഷം ആകുമ്പോൾ നാട്ടുകാരെയും, വീട്ടുകാരെയും വിളിച്ച് ആണ്ടു കുർബ്ബാനയും, ഒരാണ്ടും നടത്തേണ്ടതാണ്. അതിനു തയ്യാറായിരുന്നപ്പോഴാണ് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം വന്ന് നമ്മുടെ നാടും, നാട്ടുകാരും പ്രയാസപ്പെടുന്നത് കണ്ടത്. ആ അവസരത്തിൽ ഒരു വിരുന്നു സൽക്കാരം നടത്താൻ പറ്റിയ മാനസികാവസ്ഥയിൽ എത്തിച്ചേർന്നിട്ടില്ലാത്ത മത്തായി അത് അഞ്ചാം ആണ്ടിലേക്ക് മാറ്റി വച്ചു. (അതേ അവസരത്തിൽ ചില നോർത്ത് അമേരിക്കൻ പട്ടണങ്ങളിൽ ചില അഭിനവ മലയാളി സായിപ്പൻമാർ പിക് നിക്ക് നടത്തിയും അത്താഴ സദ്യ നടത്തിയും മാനസിക ഉല്ലാസത്തിനു സമയം കണ്ടെത്തിയിരുന്നു).

അങ്ങനെ അഞ്ചാം ആണ്ട് എത്തിച്ചേർന്നപ്പോഴാണ് ഒമിക്രോണിന്റെ അതിപ്രസരം ഉണ്ടാകുന്നത്. അതിനോടനുബന്ധിച്ച് സർക്കാർ വിളംബരം ഉണ്ടായി. ദേവാലയത്തിൽ പരമാവധി പതിനഞ്ചു പേരെ പാടുള്ളു എന്ന്. അതുകൊണ്ട് അഞ്ചാം ആണ്ടും മാറ്റിവയ്ക്കേണ്ടി വന്നു.

ഇപ്പോഴത്തെ അവസ്ഥയിൽ പുരോഹിതർ ഉൾപ്പെടെ പതിനഞ്ചു പേരായാൽ കിഴക്കോട്ട് നോക്കണ്ട, പടിഞ്ഞാട്ടു നോക്കണ്ട, തെക്കോട്ട് നോക്കണ്ട, വടക്കോട്ട് നോക്കണ്ട.

ക്രൈസ്തവരുടെ വിശ്വാസ പ്രകാരം കർത്താവ് ആദ്യത്തെ കുർബ്ബാന നടത്തിയ ദിവസം (തിരുവത്താഴ ദിവസം) അന്ന് ഇന്നത്തെ പോലെ കാറ്ററിങ് കമ്പനികളോ, വിളിച്ചു പറഞ്ഞാൽ കൊണ്ട് തരാൻ UBER EATS-, SKIP THE DISHES പോലെയുള്ള സംവിധാനങ്ങൾ

ഇല്ലാത്തതുകൊണ്ട് തന്നെ പത്രോസ്, യോഹന്നാൻ എന്നീ ശിഷ്യന്മാരെ അത് ഒരുക്കുവാൻ ഏൽപ്പിച്ചു. എന്തൊക്കെയായാലും തന്റെ മകൻ ഒരുക്കുന്ന ഒരു പെസഹാ സൽക്കാരത്തിൽ കുറവൊന്നും വരാതിരിക്കാൻ ശ്രദ്ധിക്കാനും അത്യാവശ്യം വന്നാൽ അപ്പം ചുട്ടുകൊടുക്കാനും, ഒരു ചുക്കുകാപ്പി ഉണ്ടാക്കികൊടുക്കാനുമുള്ള സഹായത്തിനു വേണ്ടി മാതാവും ഒരു സഹായിയും കൂടെ അവിടെ എത്തിയിരുന്നിരിക്കാം. (ലിയനാർഡോ ഡാവിഞ്ചിയുടെ അത്താഴ ചടങ്ങിൽ അവരെ കാണുന്നില്ല എങ്കിൽ കൂടി) അങ്ങനെ കർത്താവും പന്ത്രണ്ടു ശിഷ്യന്മാരും സഹായിക്കാൻ വന്ന മാതാവും സഹായിയും കൂടി പതിനഞ്ചു എന്നൊരു നമ്പരു കാണുന്നു. അത് തന്നെയായിരിക്കാം സർക്കാർ നിശ്ചയിച്ച പതിനഞ്ചെന്ന നമ്പരും. അപ്പോൾ ഒരു മേശയിട്ട് ചുറ്റും ഇരുത്തിയാൽ മതിയല്ലോ.

അംബരചുംബികളായ ദേവാലയങ്ങൾ വേണ്ട, സൗണ്ട് സിസ്റ്റങ്ങൾ വേണ്ട, ക്വയർ ഗ്രൂപ്പും ക്വയർ മാസ്റ്ററും വേണ്ട, കപ്യാര് വേണ്ട, ഞാനുണ്ടങ്കിലേ ഇവിടെ വിശ്വാസികൾക്ക് സ്വർഗ്ഗത്തിൽ പോകാൻ പറ്റത്തുള്ളൂ എന്ന് പറയുന്ന പള്ളി കൈക്കാരെ വേണ്ട. ഒരു ബഹളവുമില്ല. സ്നേഹവിരുന്നുകളില്ല. എല്ലാം ശാന്തമായി പോകുന്നു.

ഓർമ്മവച്ച കാലം മുതൽ മുതിർന്നവർ പറഞ്ഞു പറഞ്ഞ് ഊട്ടി ഉറപ്പിച്ചിട്ടുള്ള ഒരു കാര്യമാണ് 'ദൈവം അറിയാതെ നിന്റെ തലയിലെ ഒരു മുടി പോലും പൊഴിയുന്നില്ല' എന്ന്. അപ്പോൾ ഈ ദൈവം അറിഞ്ഞു തന്നെയല്ലേ കൊറോണയും വന്നത്?

നഗ്നനേത്രം കൊണ്ട് കാണുവാൻ പാടില്ലാത്ത ഈ കൊറോണാ വൈറസ്, പണ്ഡിത-പാമര, രാജാ-പ്രജാ, കുബേര-കുചേല വ്യത്യാസം കാണിക്കാതെ എല്ലാർക്കും ഒരുപോലെ അനുഭവഭേദ്യമാകുന്നു. ജനം ഈ വൈറസിൽ നിന്നും രക്ഷ നേടാൻ PPE ധരിച്ചു കഴിഞ്ഞാൽ എല്ലാവരെയും കണ്ടാൽ ഒരുപോലെ, അപ്പോൾ ലോകം മുഴുവൻ സോഷ്യലിസം കൊണ്ടുവരാൻ ഈശ്വരൻ വിട്ടതാണോ ഈ വൈറസ്...?

ക്രൈസ്തവരുടെ വിശുദ്ധ വേദപുസ്തകത്തിൽ പറയുന്ന പ്രകാരം, കർത്താവായ യേശുക്രിസ്തു തന്റെ ഇഹലോകവാസ കാലത്ത് 42 അത്ഭുത പ്രവർത്തികൾ ചെയ്തു. അതിൽ 33 എണ്ണവും രോഗികളെ സൗഖ്യമാക്കുന്ന പ്രവർത്തിയായാണ് കാണിച്ചിട്ടുള്ളത്. അതിൽ നിന്നും വ്യക്തമായി ഒരു കാര്യം മനസിലാക്കാം. പ്രത്യേകിച്ച് ഈ മഹാവ്യാധി പടർന്നു പിടിക്കുന്ന ഈ അവസരത്തിൽ മനുഷ്യന് ആരാധനാലയങ്ങൾ അല്ല മറിച്ച് ആതുരാലയങ്ങൾ ആണ് ആവശ്യം.■






വിദേശവിചാരങ്ങൾ (ഭാഗം 2)

# ബെല്ലാകൂളയിലെ അമ്മക്കരടികൾ



Jiji Padamadan
Edmonton

**അമ്മ വന്നു രണ്ടു കൊല്ലം മക്കളെ നോക്കിയാൽ മാത്രമേ എടുത്തുവച്ച കടത്തിനൊരു അറുതി വരുത്താൻ പറ്റുള്ളുന്നു പലതവണ ചെവിയിൽ ഓതിയതിന്റെ പേരിലാ അവസാനം അമ്മക്കുള്ള  വിസക്കു അപേക്ഷിക്കേണ്ടി വന്നത്. സൗമ്യയുടെ അമ്മയാണേൽ  ദുബായിക്ക് പോകാൻ കാത്തിരിക്കുകയാ, അടുത്തമാസം അനിയത്തീടെ മാസം തികയുകയാ. അതിനാൽ തന്നെ കാനഡയിലേക്കുവരാൻ നറുക്കു വീണത് സുരേഷിന്റെ അമ്മക്കാണ്.**

# നാലു

വർഷത്തെ നീണ്ട ഇടവേളക്കുശേഷം സുരേഷും സൗമ്യയും മൂന്നും ഒന്നും വയസുള്ള കുഞ്ഞുങ്ങളുമായി പിയേഴ്സൺ വിമാനത്താവളത്തിൽ അടുത്ത കണക്ഷൻ ഫ്ളൈറ്റിനായി അക്ഷമയോടെ കാത്തിരിക്കുകയാണ്. എണ്ണി ചുട്ടെടുത്ത അപ്പം പോലെ കിട്ടിയ 30 അവധി ദിവസങ്ങൾ കുട്ടികളുടെ ചോറൂണ് ഇതുവരെ നടത്താൻ കഴിഞ്ഞിട്ടില്ല. ഗുരുവായൂരപ്പന് തുലാഭാരം ഒരുവശത്തും പുതുതായി കെട്ടിയ മണിമന്ദിരത്തിന്റെ ഭവനപ്രവേശം മറുവശത്തും... ''കുഞ്ഞുങ്ങളെ ഇനി എന്നാ ഒന്നു കാണാൻ കഴിയുക?'' എന്നുള്ള അമ്മയുടെ പരിഭവങ്ങൾങ്ങൾക്ക് അല്പമെങ്കിലും അറുതി വന്നാൽ നന്നായിരുന്നു. ആകെയുള്ളൊരു കുഞ്ഞളിയന്റെ കല്യാണവും കൂടി ചേർത്താൽ വിരലിലെണ്ണിത്തീർക്കാവുന്ന കുറച്ചു ദിവസങ്ങൾ!!

പ്ലസ് ടു കഴിഞ്ഞിട്ട് കാലങ്ങളായി കാത്തിരിക്കുന്ന സുഹൃത്തുക്കളും സംഗമവും എല്ലാം കൂടി ഒന്നിനുപുറകെ മറ്റൊന്നായി ഓർത്തപ്പോൾ സുരേഷിന് ഹൃദ യമിടിപ്പ് വല്ലാതെ കൂടുന്നതായി തോന്നി. ''നാലു വർഷമായിട്ടും കാനഡയിൽ വീടുമേടിച്ചില്ലേ?'' എന്ന നാട്ടുകാരുടെ ചോദ്യത്തിന് മുഖപുസ്തകം മറുപടി കൊടുത്തോളുമെന്നുള്ളതാണ് ഒരു സമാധാനം. എന്നിരുന്നാലും കുഞ്ഞുങ്ങളേയും കൊണ്ട് അഞ്ചു മണിക്കൂർ ഈ എയർപോർട്ടിൽ കഴിയുക എന്നുള്ളത് ഇനി ഒട്ടും തന്നെ ചിന്തിക്കാൻ കൂടി വയ്യാ. മാസ്കുള്ളത് കൊണ്ട് താടിരോമം വല്ലാതെ പിരിക്കാതെ ചിന്തിക്കാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യത്തിൽ കോവിഡിനും കൊടുത്തു അവൻ ചിരിനിറച്ച ഒരു നല്ല നമസ്കാരം.

ഇളയവൻ സൗമ്യയുടെ മടിയിൽ കിടന്നുറങ്ങുന്നതും മൂത്തവൻ കസേരയിലിരുന്നു മമ്മീടെ ഫോണിൽ ഗെയിം കളിക്കുന്നതും സ്വസ്ഥത തരുന്നുണ്ടെങ്കിലും മനസ്സിൽ വല്ലാത്ത ഒരു ഭാരപ്പെടൽ... പുതുതായി വാങ്ങിയ വീടിനുള്ളിൽ എങ്ങനെയാ അപ്പാർട്മെന്റിൽ ഉപയോഗിച്ചിരുന്ന ഫർണിച്ചർ നിരത്തുക? സാമാനങ്ങൾ വാങ്ങാൻ ബോക്സിങ് സെയിൽ വരെ കാത്തിരുന്നെങ്കിലും 35000 ഡോളർ ഒരു ചെറിയ തുകയൊന്നുമല്ലല്ലോ? അവന്റെ ചിന്തകൾ കാടുകയറാൻ തുടങ്ങി. ജനുവരി മാസത്തെ മോർട്ഗേജ് അടവിനൊപ്പം ഇനി 560 ഡോളർ കൂടി അഡിഷണൽ കരുതേണ്ടിവരും. ആകെയുള്ള അളിയന്റെ കല്യാണത്തിന് കാര്യമായെന്തെങ്കിലും കൊടുക്കുന്നതും കൂട്ടിയാൽ ജനുവരിയും ഫെബ്രുവരിയും താണ്ടണമെങ്കിൽ ട്രിപ്പിനു ആകെ 20000 ഡോളർ വകയിരുത്തിയത് വളരെ നന്നായി. 'ലൈൻ ഓഫ് ക്രെഡിറ്റ്' 'ലൈൻ ഓഫ് കണ്ട്രോൾ' ഭേദിച്ചു പോയിട്ടുണ്ടെങ്കിലും തല്ക്കാലം ഇതല്ലാതെ വേറെ വഴിയില്ല. ബാക്കിയെല്ലാം വരുന്നിടത്തു വച്ച് വരുന്നതുപോലെ ചെയ്യാമെന്നു അവൻ മനസ്സിലുറപ്പിച്ചു. താൽക്കാലികമായാണെങ്കിലും തണുപ്പിൽ നിന്നൊരു മോചനം! അതാണ് മുൻപിലുള്ള ഒരേയൊരു ആശ്വാസം. കല്യാണം പ്രമാണിച്ചു ഡ്രസ്സ് വാങ്ങുന്നതിനെ ചൊല്ലിയുള്ള വഴക്കിൽ സൗമ്യയുടെ നില ഇപ്പോഴും കോപമാപിനിയിൽ ഉയർന്നു തന്നെ നിൽക്കുകയാണ്. കൈയ്യിലുള്ള ഫോണിനെ നോക്കി അവൻ ഒന്നു പുഞ്ചിരിച്ചു. ആപ്പിൾ കമ്പനിയോട് ഒരു വല്ലാത്ത അടുപ്പവും ആദരവും തോന്നിയ നിമിഷങ്ങൾ; ഇനിയുള്ള അഞ്ചു മണിക്കൂർ കണക്കു കൂട്ടാം പദ്ധതികൾ എല്ലാം തന്നെ ഫോണിൽ കുത്തിക്കുറിക്കാം അല്ലെങ്കിൽ നീണ്ട പ്ലാനിങ്ങിന്റെയും യാത്രക്കുള്ള മുന്നൊരുക്കത്തിന്റെയും ഓട്ടപ്പാച്ചിലിൽ ഒന്ന് നടു നിവർത്തി ഇരിക്കാനോ ഉറങ്ങാനോ കഴിയാത്തതിന്റെ എല്ലാ കുറവുകളും ഇവിടെ ഇരുന്നു നികത്തുകയും ചെയ്യാം. അങ്ങനെ എല്ലാം ചേർത്തുവച്ചു നോക്കിയാൽ അഞ്ചു മണിക്കൂർ പെട്ടെന്ന് പോകുക തന്നെ ചെയ്യും, ഒരു ദീർഘ നിശ്വാസത്തോടെ അവനോർത്തു. അങ്ങനെ ചാരുകസേരയിൽ നീണ്ട് നിവർന്നിരുന്നു കൊണ്ടു അവനൊന്നു ചുറ്റും കണ്ണോടിച്ചു.

എയർപോർട്ടിലെ കസേരകളിൽ വിവിധ രാജ്യക്കാരായ മനുഷ്യർ ഫോണിൽ കുത്തിക്കളിച്ചു കൊണ്ടിരിക്കുകയാണ്. അവർ തന്നെപ്പോലെ വ്യഗ്രത കളുള്ളവരായിരിക്കുമെന്നോർത്തു മനസ്സിനെ ഒന്ന് സമാധാനിപ്പിക്കാൻ അവൻ ആവും വിധം ശ്രമിക്കുന്നുണ്ടായിരുന്നു. അങ്ങനെ ചുറ്റും കണ്ണോടിക്കവേ സൗമ്യയുടെ അരികത്തു ഒരു സ്ത്രീ സംസാരിച്ചിരിക്കുന്നതു കാണാനിടയായി. ലക്ഷണം കണ്ടിട്ട് ഒരു മല്ലു അമ്മച്ചിയെപ്പോലുണ്ട്. അവൻ മനസ്സിൽ ഓർത്തു. അമ്മയെ കൊണ്ടുവരാൻ സൗമ്യ എത്രവട്ടം പറഞ്ഞതാ. അമ്മ വന്നു രണ്ടുകൊല്ലം മക്കളെ നോക്കിയാൽ മാത്രമേ എടുത്തുവച്ച കടത്തിനൊരു അറുതി വരുത്താൻ പറ്റുള്ളുന്നു പലതവണ ചെവിയിൽ ഓതിയതിന്റെ പേരിലാ അവസാനം അമ്മക്കുള്ള വിസക്കു അപേക്ഷിക്കേണ്ടിവന്നത്. സൗമ്യയുടെ അമ്മയാണേൽ ദുബായിക്ക് പോകാൻ കാത്തിരിക്കുകയാ, അടുത്തമാസം അനിയത്തീടെ മാസം തികയുകയാ. അതിനാൽ തന്നെ കാന ഡയിലേക്കുവരാൻ നറുക്കു വീണത് സുരേഷിന്റെ അമ്മക്കാണ്. മാത്രവുമല്ല പാലാക്കാരി നസ്രാണിപ്പെണ്ണിനെ ഹിന്ദുചെക്കൻ കൊണ്ടുപോയതിന്റെ കനലുകൾ

**70 വയസ്സുള്ള അമ്മയെ കുഞ്ഞുങ്ങളെ നോക്കാൻ കൊണ്ടുവരുക എന്നുള്ളത് കഷ്ടം തന്നെ. ഇളയ മകനായതിനാൽ അമ്മക്കതു നിഷേധിക്കാൻ കഴിയാത്തതും വല്യ ഭാഗ്യമായി. മകന്റെ ആഗ്രഹമല്ലേ അമ്മ കൂടെയുണ്ടാകണമെന്നത്; നടത്തിക്കൊടുക്കേണ്ടത് ഒരമ്മേടെ  കടമയല്ലേ?!, എന്ന അമ്മയുടെ ബലഹീന തയേയും ഒന്നു ഉപയോഗിക്കുന്നതിൽ തെറ്റുണ്ടെന്ന് ആർക്കെങ്കിലും പറയാനും കഴിയുമോ?**

രണ്ടു മക്കളായിട്ടു പോലും ഇനിയും കെട്ടടങ്ങിയിട്ടുമില്ല. പെണ്ണിനെ വിളിച്ചിറക്കിക്കൊണ്ടു പോന്നതിന്റെ ദേഷ്യം പെട്ടെന്നെങ്ങനെ ഒരു പെറ്റതള്ളക്കു മറക്കാൻ കഴിയുക. അതിനാണല്ലോ കടമാണെങ്കിലും പാലാ ടൗണിൽ തന്നെ ഒരു മനോഹര സൗധം പണിയിപ്പിച്ചതും ഭവനപ്രവേശം വച്ചിരിക്കുന്നതും. ജാതി മാറിയെങ്കിലും ഗതിയില്ലാതായിട്ടില്ലെന്നു കാണിച്ചു കൊടുക്കാൻ ഇതല്ലാതെ മറ്റെന്തു വഴിയാണ് മുന്നിലുള്ളത്. ഒരു പാവം വിദേശിയുടെ കടങ്ങളും സങ്കടങ്ങളും ആര് കാണാൻ കടമെടുത്തത് നാട്ടിലെ സ്വകാര്യ ബാങ്കിൽ നിന്നായതിനാൽ പലിശ ലേശം കൂടുതലാണെങ്കിലും ഇപ്പോൾ മാനമാണല്ലോ ഏറ്റവും വലുത്. അതുകൊണ്ടു തന്നെയാ ഈ കാലഘട്ടത്തിൽ മഞ്ഞിന്റെ നാട്ടിലും 'സിറ്റിസൺഷിപ്പ് ഓത്തി'നു മുൻപ് ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിഞ്ഞതും.

70 വയസ്സുള്ള അമ്മയെ കുഞ്ഞുങ്ങളെ നോക്കാൻ കൊണ്ടുവരുക എന്നുള്ളത് കഷ്ടം തന്നെ. ഇളയ മകനായതിനാൽ അമ്മക്കതു നിഷേധിക്കാൻ കഴിയാത്തതും വല്യ ഭാഗ്യമായി. ''മകന്റെ ആഗ്രഹമല്ലേ അമ്മ കൂടെയുണ്ടാകണമെന്നത്; നടത്തിക്കൊടുക്കേണ്ടത് ഒരമ്മേടെ കടമയല്ലേ?!'' എന്ന അമ്മയുടെ ബലഹീനതയേയും ഒന്നു ഉപ യോഗിക്കുന്നതിൽ തെറ്റുണ്ടെന്ന് ആർക്കെങ്കിലും പറയാനും കഴിയുമോ? ചേട്ടന്റെ പിള്ളേരെ അമ്മയല്ലേ നോക്കി വളർത്തിയത്; അത് പോലെ തന്നെയല്ലേ എല്ലാ മക്കളും അത് ഏതൊരു  മകനും അർഹതപ്പെട്ടതുമല്ലേ? ചിന്തകൾ ഒരു യാഗാശ്വം പോലെ പാഞ്ഞു പോകുകയായിരുന്നു. ഒരു കണക്കിന് അവൻ അതിനെ പിടിച്ചു കെട്ടി. അകലെമാറിയിരുന്നിരുന്ന സുരേഷ് സൗമ്യയോടു ചേർന്നു ആ അമ്മച്ചിയോടു വർത്തമാനം പറയാമെന്നു തീരുമാനിച്ചു. ഫ്ളൈറ്റ് കിട്ടാനാണെങ്കിൽ ഇനിയും രണ്ടു മണിക്കൂർ ബാക്കിയുണ്ട്. സൗമ്യയുടെ മടിയിൽ ഇളയവൻ സൗമ്യമായുറങ്ങുന്നതും റിച്ചൂട്ടൻ ഗേമിൽ മുഴുകിക്കഴിയുന്നതും ഒരു അനുഗ്രഹമായിത്തോന്നിയ നിമിഷങ്ങൾ സുരേഷ് മല്ലു അമ്മച്ചിയെ വിഷ് ചെയ്തു.

ഏകദേശം 65 വയസ്സു തോന്നിക്കുന്ന വീർത്തു തടിച്ച പ്രകൃതമുള്ള ആ അമ്മച്ചിയുടെ കൺപോളകൾ നിദ്രാഭാരത്താൽ തൂങ്ങിയിരുന്നു. കറുത്ത് തടിച്ചിരുന്ന കൺതടം അനാരോഗ്യത്തിന്റെ എല്ലാ ലക്ഷണങ്ങളും വിളിച്ചോതിയിരുന്നു. ദിവസങ്ങളുടെ ഉറക്കം നഷ്ട്ടപ്പെട്ടു എന്നുദ്യോതിപ്പിക്കുന്ന അവശത നിറഞ്ഞ മുഖ ഭാവമുള്ള സ്ത്രീയോട് സംസാരിച്ചപ്പോൾ അവരും കേരളത്തിലേക്ക് തിരിച്ചുപോകുകയാണെന്നും മകളുടെ പ്രസവ പരിചരണത്തിനും കുഞ്ഞുങ്ങളെ നോക്കാനുമായി രണ്ടുവർഷം മുൻപ് നാട്ടീന്ന് പോന്നതാണെന്നും തിരിച്ചു പോകുകയാണെന്നും മറുപടി പറഞ്ഞു. ആരെയും കൂട്ടുകിട്ടാതെ വിഷമിച്ചിരിക്കുമ്പോളാണ് സൗമ്യയെ കണ്ടതെന്നും ആ സ്ത്രീ പറഞ്ഞു. തിരുവനന്തപുരത്തേക്കാണെന്നും ഒരേ ഫ്ളൈറ്റിലാണ് യാത്രചെയ്യുന്നതെന്നും അറിഞ്ഞപ്പോൾ ആ അമ്മച്ചിയുടെ കണ്ണുനിറയുന്നതും അവൻ കണ്ടു. തനിക്കു ദിവസങ്ങളുടെ ഉറക്കക്ഷീണമുണ്ടെന്നും അല്പ നേരം ഒന്ന് വിശ്രമിക്കട്ടെ എന്നും പറഞ്ഞു അമ്മച്ചി, പെട്ടിയും ബാഗും ഏൽപ്പിച്ചിട്ടു ''വിളിക്കണേ മക്കളേ'' എന്നു ഓർമ്മിപ്പിച്ചുകൊണ്ട് അവിടെ ഒഴിഞ്ഞു കിടന്ന മൂന്നു പേർക്കിരിക്കാവുന്ന ഒരു കൗച്ചിൽ പോയിക്കിടന്നു. കിടന്ന നേരം കൊണ്ട് കൂർക്കം വലിക്കുന്നതും റിച്ചൂട്ടന്റെ ഗെയിം മ്യൂസിക്കിനിടയിലൂടെ അവനു നേ ർത്തതായി കേൾക്കാമായിരുന്നു.

സുരേഷും സൗമ്യയും ഒരു നിമിഷം ഒന്നും മിണ്ടാതെ ആ സ്ത്രീയെയും മക്കളേയും മാറിമാറി നോക്കിക്കൊ ണ്ടിരിക്കുകയായിയിരുന്നു...

അങ്ങനെ എത്രയെത്ര അമ്മമാരും അച്ഛന്മാരുമാണ് ദിനംപ്രതി ലോകത്തിലുള്ള എയർപോർട്ടുകളിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്നത്... അവൻ ഉയർന്നു നിന്ന വിശാലമായ ചില്ലു ജാലകത്തിലൂടെ

ലാൻഡ് ചെയ്യുന്നതും ടേക്ക് ഓഫ് ചെയ്യുന്നതുമായ എല്ലാവിമാനങ്ങളെയും നോക്കിനിന്നു. ഇതിലേതിലെങ്കിലുമൊക്കെ പല അച്ഛനമ്മമാർ തന്റെ മക്കളെത്തേടി പോകുന്നുണ്ടാകും തീർച്ച. അവൻ ചിന്തിച്ചു.

അടുത്ത ഫ്ളൈറ്റ് വരാൻ ഇനി കഷ്ടി അരമണിക്കൂർ സമയം മാത്രമേ ബാക്കിയുള്ളു; സൗമ്യ, കിടന്നുറങ്ങുന്ന അമ്മച്ചിയെ വിളിച്ചുണർത്തി. ഉറങ്ങിയെഴുന്നേറ്റ അമ്മച്ചിക്ക് എന്തോ ഒരു പ്രത്യേക ഉണർവ് വന്നതുപോലെ തോന്നി. ഗെയിം കളിക്കാരൻ അപ്പോഴും ബിസിയായിരുന്നു. ഫോൺ മേടിച്ചപ്പോൾ അവന്റെ മുഖഭാവം ഒന്ന് കാണേണ്ടത് തന്നെയായിരുന്നു. ഫ്ളൈറ്റിൽ കയറുമ്പോൾ കാർട്ടൂൺ കാണിക്കാമെന്ന ഒറ്റ മറുപ ടിയിൽ അവനൊന്നൊതുങ്ങി, രണ്ടു ഹാൻഡ് ക്യാരിയും കൂടെ മൂന്നു വയസ്സുകാരനെയും കൈപിടിയിലേക്കാക്കിയപ്പോൾ പിന്നെ അമ്മച്ചിയുടെ പെട്ടിപിടിക്കാൻ സുരേഷിന് പറ്റാതെയായി. എന്നാലും സൗമ്യ, അമ്മച്ചിയുടെ തോൾ സഞ്ചി പിടിച്ചു വാങ്ങി. പെട്ടിമാത്രം വലിച്ചാൽ മതിയെന്ന് പറഞ്ഞു വച്ച് ഒരു കൈയ്യിൽ ഒരു വയസ്സുകാരനെ മാറോടു ചേർത്തുപിടിച്ചു കൊണ്ട് ഫ്ളൈറ്റ് അനൗൺസു ചെയ്ത കൗണ്ടർ ലാക്കാക്കി നടന്നു നീങ്ങി.

****************

യൗവനം തുടങ്ങിയപ്പോൾത്തന്നെ ഭർത്താവു മരിച്ചുപോയ, ഒറ്റപ്പെട്ടു ജീവിക്കേണ്ടിവന്ന ഒരു സ്ത്രീ തന്റെ ഏക മകനെ പഠിപ്പിച്ചു ജോലിക്കാരനാക്കാൻ അനുഭവിച്ച യാതനയെക്കുറിച്ചു, ആ അമ്മച്ചി സൗമ്യയോടു വിവരിച്ചു. മഴക്കാലത്ത് തോട്ടികെട്ടി ചക്കയിടാൻ പറമ്പിലേക്കിറങ്ങിയ തന്റെ ജീവന്റെ ജീവൻ ഇലക്ട്രിക് ഷോക്കേറ്റിട്ടു വിറങ്ങലിച്ചു കിടക്കുന്നതു നേരിൽ കാണേണ്ടിവന്ന ആ അമ്മയിൽ കർക്കിടകത്തിലെ കറുത്തപക്ഷത്തിന്റെ എല്ലാ അസ്ഥിരതയും അസ്വസ്ഥതയും ഉണ്ടായിരുന്നു. കണ്ണുതുടച്ചു കൊണ്ടു അവർ തുടർന്നു. ''അന്നു പൊലിഞ്ഞുപോയ സ്വപ്നങ്ങൾക്ക് ഒരു പുതുജീവൻ ഉദരത്തിൽ അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം എന്നെ വിട്ടു പോയത്.''

തൊട്ടു പുറകിലെ സീറ്റിൽ ഇരിക്കേണ്ടിവന്നതിനാൽ ആദ്യം ഒരനിഷ്ടം തോന്നിയെങ്കിലും ആ അമ്മച്ചിക്ക് വേണ്ടിയാണല്ലോ സീറ്റു മാറിക്കൊടുത്തതു എന്നോർത്തു സുരേഷ് തെല്ലൊന്നാശ്വസിച്ചു. ഫ്ളൈറ്റിൽ കയറുമ്പോളെങ്കിലും സൗമ്യയുടെ പിണക്കം മാറ്റാൻ കഴിയുമെന്ന് വിചാരിച്ചതാ ആ ആഗ്രഹം തല്ക്കാലം നടക്കാൻ പോകുന്നില്ലെന്ന് അവൻ മനസ്സിലുറപ്പിച്ചു. രിച്ചൂട്ടൻ അച്ഛന്റെ മോനായതിനാൽ അടുത്തുള്ള സീറ്റിൽ തന്നെ ഇരിപ്പുറപ്പിച്ചു. സീറ്റിലെ ടാബിൽ കാർട്ടൂൺ വച്ചു കൊടുത്തപ്പോഴാണ് അവനൊന്ന് അടങ്ങിയത്.

ജോലി നേടുന്നതുവരെ അല്ലലെന്തെന്ന് അറിയിക്കാതെ നന്നേ പണിപ്പെട്ടാണ് തന്റെ മകനെ വളർത്തിയതെന്നും ഇന്ന് താനൊരു രോഗിയാണെന്നും ആ സ്ത്രീ പറഞ്ഞു തുടങ്ങിയപ്പോൾ രണ്ടു വർഷം ആരോടും സംസാരിക്കാതെ തടവറയിൽ ഒറ്റപ്പെട്ടു കഴിഞ്ഞ ഒരു അമ്മയുടെ ദയനീയത, കർക്കടകത്തിലെ ഉരുണ്ടു കൂടിയ കാർമേഘം പോലെ ആർത്തലച്ചു പെയ്തുകൊണ്ടിരുന്നു. മിന്നൽപ്പിണർപ്പും ഇടിമുഴക്കവും പേടിപ്പെടുത്തും വിധം വാന വിതാനത്തിൽ സംഭവിക്കുന്നതു പോലെ സുരേഷിന് തോന്നി. കടുത്ത പ്രമേഹം ബാധിച്ചു ഇൻസുലിൻ റെഗുലറായി കുത്തേണ്ട ആ അമ്മച്ചിയുടെ മെഡിസിൻ മുടങ്ങിയിട്ട് നാളേറെയായി, ഉറക്കമില്ല; ഒരു വർഷത്തേക്കുള്ള ഇൻഷുറൻസും ഇൻസുലിനുമായാണ് നാട്ടിൽ നിന്നും എത്തിയത്. ഒരു വർഷം കഴിഞ്ഞപ്പോൾ ഇൻഷുറൻസു തീർന്നു കൂടെ ഇൻസുലിനും. ഇതിനോടകം രണ്ടു തവണയായി നാട്ടിൽ നിന്ന് ഇൻസുലിൻ കൊണ്ട് വന്നിരുന്നു. ഒരു മാസം മുൻപ് അതും തീർന്നു. തന്റെ കഥ ആ അമ്മച്ചി അവരോടു പറയുകയായിയിരുന്നു. ഇടയ്ക്കിടെ സീറ്റ് ബെൽറ്റ് ഇടാനുള്ള നിർദ്ദേശവും വിമാനത്തിന്റെ മേഘക്കട്ടറിൽ തട്ടിയുള്ള കുലുക്കവും ആ സമയം ഒരു വല്ലാത്ത നടുക്കമുണർത്തുന്നുണ്ടായിരുന്നു.

**ജോലി നേടുന്നതുവരെ അല്ലലെന്തെന്ന് അറിയിക്കാതെ നന്നേ പണിപ്പെട്ടാണ് തന്റെ മകനെ വളർത്തിയതെന്നും ഇന്ന് താനൊരു രോഗിയാണെന്നും ആ സ്ത്രീ പറഞ്ഞു തുടങ്ങിയപ്പോൾ രണ്ടു വർഷം ആരോടും സംസാരിക്കാതെ തടവറയിൽ ഒറ്റപ്പെട്ടു കഴിഞ്ഞ ഒരു അമ്മയുടെ ദയനീയത, കർക്കടകത്തിലെ ഉരുണ്ടു കൂടിയ കാർമേഘം പോലെ ആർത്തലച്ചു പെയ്തു കൊണ്ടിരുന്നു.**

നാട്ടിൽ നിന്ന് അയൽക്കാരോട് റ്റാറ്റാ പറഞ്ഞു ടാക്സി കാറിൽ കയറുമ്പോൾ പിന്നിൽ നിന്ന് ആരോ പറയുന്നതു കേട്ടു ''കഷ്ടപ്പെട്ടെങ്കിലെന്താ മകനോടൊപ്പം കാനഡയിൽ പോയി ജീവിക്കാൻ ഭാഗ്യം ലഭിച്ചുല്ലോന്ന്.'' ആരാ അടക്കം പറഞ്ഞതെന്ന് തിരിഞ്ഞു നോക്കുമ്പോഴേക്കും കാറു വീട്ടു പടിക്കൽ നിന്നും നീങ്ങിയിരുന്നു.

മനസ്സിൽ തിരതല്ലിയ സന്തോഷത്തിനു അതിരില്ലായിരുന്നു. ചിങ്ങമാസത്തിലെ പൊൻ പുലരിക്ക് എത്രമാത്രം സൗന്ദര്യമുണ്ടായിരുന്നു എന്ന് പറഞ്ഞറിയിക്കാൻ പ്രകൃതി അന്ന് ആദ്യമായി ഒരു വിരുന്നൊരുക്കിയിരുന്നു. മഞ്ഞപ്പട്ടു വിരിച്ച പോലെ കതിരു കുലച്ചു നിൽക്കുന്ന കുട്ടനാടൻ പാടശേഖരം യൗവ്വനയുക്തയായ ഒരു പതിനേഴുകാരിയെപോലെ വഴിയോരത്തു കുണുങ്ങിനിന്ന് അമ്മച്ചിയുടെ യാത്രയെ വരവേൽക്കുമ്പോൾ സീതത്തോടും ചാലുകളും പനിനീർ തളിക്കുന്നതായി കാറിലെ ജാലകത്തിനിടയിലൂടെ ഇളം കാറ്റടിച്ചപ്പോൾ അമ്മച്ചിക്ക് തോന്നി. വെൺകൊറ്റികൾ വട്ടമിട്ടു പറക്കുന്ന വെള്ളാരം പുഴയിലെ ജലവിതാനം വെള്ളികൊലുസ്സിട്ടപോലെ മിന്നിത്തിളങ്ങുന്നതും കൺകുളിർക്കെ കാണുന്നത് ആ യാത്രയിലായിരുന്നു.

നീണ്ട ഒരു ദിവസത്തെ യാത്രക്കൊടുവിൽ, തണുത്തു വിറങ്ങലിച്ച വിമാനം പറന്ന് അങ്ങനെ കാനഡയിലുമെത്തി. എയർപോർട്ടിൽ അമ്മേടെ വരവും കാത്തു മകൻ നിൽപ്പുണ്ടായിരുന്നു. ഏഴുവർഷം മുൻപ് പഠിക്കാനായി സ്റ്റുടെന്റ് വിസയിൽ നാട് വിട്ടു പോന്ന ഏക മകനെ കാണാൻ കൊതിക്കുന്ന ഒരു അമ്മയുടെ സന്തോഷം എങ്ങനെയാ പറഞ്ഞറിയിക്കാൻ പറ്റുക. കാര്യം അവന്റെ കല്യാണം കൂടാൻ കഴിഞ്ഞില്ലെങ്കിലും കുഞ്ഞുങ്ങളെയെങ്കിലും കാണാൻ കഴിയുമല്ലോ എന്നത് ഒരു വലിയ സന്തോഷം തന്നെയായിരുന്നു. പൊട്ടിപ്പൊളിഞ്ഞ പുരയുടെ ഓട് മേയാൻ കഴിഞ്ഞില്ലെങ്കിലും മകൻ പത്രാസുള്ള ഒരു വീട് വാങ്ങിയെന്നറിഞ്ഞതിൽ ആ അമ്മ അളവറ്റ് സന്തോഷിച്ചു. ആറും രണ്ടും വയസ്സുമുള്ള കുഞ്ഞുങ്ങൾക്കു മലയാളം അറിയില്ല. വന്നു ഒരാഴ്ച് കഴിഞ്ഞപ്പോൾ രണ്ടുപേരുടെയും ജോലി എട്ടുമണിക്കൂറിൽ നിന്നും 16 മണിക്കൂറായി ഉയർന്നു. വീട് കടമാണെന്നും പഴയ ഒരു കാറ് മാറ്റി പുതിയ രണ്ടു കാറെടുക്കണമെന്നും അവൻ അവളോട് പറയുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്. അവർ അന്ന് പിള്ളേരെ അമ്മച്ചിയെ ഏൽപ്പിച്ചു ജോലിക്കിറങ്ങിയതാ. അങ്ങനെ പോരുന്നതിനു തൊട്ടു മുൻപ് വരെ അവർ ജോലിയാരുന്നു. ജോലി തന്നെ ജോലി, എന്തിനും ഏതിനും മക്കളെ ആശ്രയിക്കേണ്ടിവരുക എന്നത് ഒരു വല്ലാത്ത അവസ്ഥയാണ്. മാതാപിതാക്കന്മാർ വിസിറ്റേഴ്സ് ആയി വരുമ്പോൾ എത്ര മക്കളാണ് അവരുടെ സന്തോഷങ്ങൾക്കു കൂടി പരിഗണന കൊടുത്തുകൊണ്ട് ദിവസങ്ങൾ പ്ലാൻ ചെയ്യുന്നത്? എത്ര പേര് കിട്ടിയ ചാൻസിനെ കൂടുതൽ ജോലിചെയ്യാനുള്ള അവസരമായി മാത്രം ഇതിനെ കാണും? എത്ര മാതാപിതാക്കൾക്കു നാലു ചുമരുകളിലേക്കുമാത്രമായി ഒതുങ്ങാൻ കഴിയും? മക്കളുടെ ജീവിത വ്യഗ്രതകൾ കാണുമ്പോൾ ആഗ്രഹങ്ങൾ നിഗ്രഹിക്കുകയല്ലാതെ ഏതു അമ്മയാണ് എല്ലാം ഉള്ളിലൊതുക്കി സ്വയം എരിഞ്ഞടങ്ങാതെ ഇരിക്കുന്നത്? ആ അമ്മ സ്വയം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു...

**അവൻ പഴയ ആളെയല്ല, എന്ത് ചോദിച്ചാലും ദേഷ്യവും വെറുപ്പും മാത്രം. ജോലി തന്നെ ജോലി, ചെറുതായി കള്ളുകുടിയും തുടങ്ങിയിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞപ്പോൾ ഇൻഷുറൻസ് തീർന്നു പിന്നെ പുതുക്കിയില്ല. "അമ്മയെങ്ങും പോകുന്നില്ലല്ലോ കുഞ്ഞുങ്ങളെയും നോക്കിയിരുന്നാൽ മതിയല്ലോ" എന്ന് പറഞ്ഞു അവർ പലപ്പോഴും ഒഴിവാക്കുകയായിരുന്നു.**

ഭാഷയറിയാത്ത ഒരമ്മക്ക് കുഞ്ഞുങ്ങളെ ഒന്ന് താലോലിക്കാന്നു വച്ചാൽ പറയുന്നത് അവർക്കോ അവരു പറയുന്നത് അമ്മച്ചിക്കോ മനസ്സിലാകുമായിരുന്നില്ല. ഒന്നു പള്ളീ പോകാൻ പറ്റില്ല. ഒരാളോടൊന്നു മിണ്ടാൻ പറ്റില്ല. അങ്ങനെ രണ്ടുകൊല്ലം കടിച്ചു പിടിച്ചു തീർത്തു. ഒമ്പതുമാസം കരുതലോടെ വയറ്റിൽ കൊണ്ട് നടന്നു വളർത്തിയതിനു ഒരമ്മക്ക് തിരിച്ചു തന്നതോ രണ്ടുവർഷം കഠിന തടവ്!! ഇന്നെന്റെ മോചന ദിവസമാണ്!! ജയിൽ കവാടത്തിൽ കാത്തിരിക്കാൻ ഇനി ആരുമില്ല. ഇനി ആരുടെ കൂടെ ജീവിക്കാൻ കഴിയുമെന്നോ അറിയില്ല, മകൻ ഇനി നാട്ടിൽ തിരിച്ചു വന്നു താമസിക്കുമെന്നു രണ്ടു വർഷത്തിന്റെ അനുഭവത്തിൽ ഒട്ടും താന്നുന്നുമില്ല. ഒറ്റയ്ക്ക് താമസിക്കാൻ ഒട്ടും

**"ഇവിടെ നിന്നാൽ ഒരു സാമ്പത്തിക ഭാരമാകുമെന്നും അഥവാ ഇവിടെ നിന്നാൽ വീട് കത്തിച്ചെ ഈ തള്ള പോകുകകയുള്ളൂ" എന്നും പറഞ്ഞു മരുമകൾ വഴക്കുകൂടി. ആ അമ്മച്ചി ഇത്രയും പറഞ്ഞു ഏങ്ങലടിച്ചു കരഞ്ഞു... ആകാശവിതാനത്തിൽ ഉരുണ്ടുകൂടിയ കാർമേഘച്ചുരുളുകൾ തുള്ളിക്കൊരു കുടമായി പെയ്തിറങ്ങി. ഒരു ആയുസ്സു മുഴുവനും കരയേണ്ടി വന്നിട്ടും തളരാതെ നിന്നിരുന്ന അമ്മച്ചി ആ സങ്കടങ്ങളുടെ പേമാരിയിൽ കുത്തിയൊലിച്ചുപോയി.**

ആഗ്രഹവുമില്ല, എല്ലാം ഉണ്ടായിട്ടും ഒന്നുമില്ലാത്തവളെപ്പോലെ ഇനിയുള്ള കാലം ജീവിക്കാനായിരിക്കും വിധി!! പക്ഷെ ഒന്ന് മാത്രമറിയാം മാറാല പിടിച്ചിട്ടുണ്ടെങ്കിലും പൊട്ടിപ്പൊളിഞ്ഞതാണെങ്കിലും കയറിക്കിടക്കാൻ ഒരിടമുണ്ട്. ഊഷ്മ ളമായ യാത്രയയപ്പു നൽകിയ നാട്ടുകാരോട് പറയാനും അവരുടെ മുൻപിൽ അഭിനയം നടത്താനും കുറേക്കൂടി പഠിക്കേണ്ടിയിരിക്കുന്നു. ആ അമ്മ നീണ്ട നെടുവീർപ്പിട്ടു കൊണ്ട് തുടർന്നു. അതിനിടയിൽ ഭാര്യയും ഭർത്താവും പലപ്പോഴും പുറത്തുപോകും. എന്നാൽ അമ്മച്ചി പോരുന്നോ എന്നു ഒരിക്കലെങ്കിലും ചോദിക്കും എന്ന് കരുതിയിരുന്നു. കാഴ്ചകൾ കാണാനും മറ്റുള്ളവരോട് ഇടപഴകാനും ആർക്കാണ് ആഗ്രഹം തോന്നാത്തത്? അങ്ങനെ ഒരിക്കൽ ചോദിച്ചപ്പോൾ കടുത്ത മഞ്ഞാണെന്നും ഐസിലെങ്ങാൻ തെന്നി വീണാൽ ഇൻഷുറൻസില്ലന്നും പറഞ്ഞു ആ അമ്മയെ പലപ്പോഴും ഒഴിവാക്കുകയായിരുന്നു,

കടന്നുപോയ ദുർദിനങ്ങൾക്കൊപ്പം ആ സമയം ഫുഡ് കാർട്ടുമായി എയർ ഹോസ്റ്റസ് വന്നതോ പോയതോ ആരുമറിഞ്ഞിരുന്നില്ല. ചില സങ്കടങ്ങളും അങ്ങനെ തന്നെയാണല്ലോ ആരെയുമറിയിക്കാതെ അതും കൂടെ കടന്നു പോകും. അത് യാത്രക്കാരെ പരിഗണിക്കുന്നതാവാം അല്ലെങ്കിൽ ഒഴിവാക്കുന്നതുമാവാം, ജീവിതമാകുന്ന യാത്രയിലും അങ്ങനെ തന്നെയാണല്ലോ കണ്ടു വരുന്നത്. തത്വചിന്തകൾ സുരേഷിനെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. പക്ഷെ പല ചോദ്യങ്ങൾക്കും ഉത്തരം അറിയാമെങ്കിലും ശരിയായ ഉത്തരം പറഞ്ഞാൽ ഒരു പക്ഷെ കാലത്തെ അതി ജീവിക്കാനാവാത്തതിനാൽ ചില ചോദ്യങ്ങൾക്കു തെറ്റായ ഉത്തരങ്ങൾ നൽകി തലകുനിച്ചിരിക്കുകയാകും നല്ലത്. സുരേഷ് ദീർഘനിശ്വാസത്തോടെ കേട്ടിരുന്നു.

മകനാകെ മാറിപ്പോയിരിക്കുന്നതു പോലെ തോന്നിയ നിമിഷം. അവൻ പഴയ ആളെയല്ല, എന്ത് ചോദിച്ചാലും ദേഷ്യവും വെറുപ്പും മാത്രം. ജോലി തന്നെ ജോലി, ചെറുതായി കള്ളുകുടിയും തുടങ്ങിയിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞപ്പോൾ ഇൻഷുറൻസ് തീർന്നു പിന്നെ പുതുക്കിയില്ല. ''അമ്മയെങ്ങും പോകുന്നില്ലല്ലോ കുഞ്ഞുങ്ങളെയും നോക്കിയിരുന്നാൽ മതിയല്ലോ'' എന്ന് പറഞ്ഞു അവർ പലപ്പോഴും ഒഴിവാക്കുകയായിരുന്നു.

ജാലകത്തിലൂടെ താഴെക്കാണുന്ന മേഘപാളികൾ കൂടുതൽ കറുക്കുന്നതുപോലെ സുരേഷിന് തോന്നി. ചില നിശ്ശബ്ദ നിമിഷങ്ങൾ ഭയം ജനിപ്പിക്കുമെന്നു കേട്ടിട്ടുണ്ട്. അവൻ മെല്ലെ കണ്ണുകൾ സീറ്റുകൾക്കിടയിലൂടെ അമ്മച്ചിയുടെ മുഖത്തേക്കു പായിച്ചു.

ആ നിശ്ശബ്ദത ഭേദിച്ചുകൊണ്ട് അമ്മച്ചി തുടർന്നു നാട്ടിൽ ആയിരുന്നപ്പോൾ കൈയ്യിൽ ആവശ്യത്തിന് പണമുണ്ടായില്ലന്നേ ഉള്ളു പക്ഷെ ഒന്ന് മുറ്റത്തേക്കിറങ്ങി രണ്ടു പേരോട് സംസാരിക്കാനോ, എന്തെങ്കിലും ആ പറമ്പിലൊന്നു കുഴിച്ചു വെക്കാനോ കഴിയുമായിരുന്നു. എല്ലാത്തിനും ഒരു നിഷ്ഠയും ചിട്ടയൊക്കെയും ഉണ്ടായിരുന്നു. എന്നാൽ വീട്ടിലിരുന്നു പുറത്തിറങ്ങാതെ അമ്മച്ചി ഒരു തീരാ രോഗിയായി. ഇന്നവർക്കു അമ്മ എന്ന് പേരിട്ടു വിളിക്കാവുന്ന ഒരു വേലക്കാരി മാത്രമാണ് ആ അമ്മച്ചി..

ഏങ്ങലടിച്ചു കരയാൻ തുടങ്ങിയ അമ്മച്ചിയെ എങ്ങനെ ആശ്വസിപ്പിക്കും? ധർമ്മ സങ്കടത്തിലായതു സൗമ്യ തന്നെയാ. എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ ടിഷ്യു പേപ്പറുകൾ ഒന്നിനുപുറകെ മറ്റൊന്നായി കൊടുത്തു കൊണ്ടേയിരുന്നു.

കുഞ്ഞുങ്ങൾക്കു അവർ പറഞ്ഞു കൊടുത്താലല്ലേ അമ്മൂമ്മയാണെന്നു അറിയുകയുള്ളൂ, ''അവർ വിശക്കുമ്പോൾ വരും, അപ്പിയിടണമെങ്കിലും ഈ അമ്മ വേണം. അത് കഴിഞ്ഞാൽ ഒരാൾക്കു ടിവിയും മറ്റേയാൾക്കു ടാബും മതിയാകും. ഇടയ്ക്കു ആംഗ്യ ഭാഷയിലൂടെ പലതും പറയാൻ ശ്രമിക്കും. ചിലതു എനിക്ക് മനസ്സിലാകും, അധികവും മനസിലാവാറില്ല.

# നിഴലായെത്ര നാൾ..?



Kanam Jayakumar

പറയാതെ നീ പോയതെന്തേ,
കേൾക്കുവാനെൻ
മനം കൊതിച്ച കാര്യം...?!
പറഞ്ഞില്ലയെങ്കിലും നിൻ
മിഴിയാൽ..
പണ്ടേയെഴുതിയ പല്ലവികൾ! (പറയാതെ..)

അറിയുവാനിനിയും.വൈകിയതെന്തേ
അറിയാത്തൊരെന്നിലെയെന്നേ..?!
നിഴലായിരുന്നൊരെൻനിനവുകളിൽ..
അഴലേകിയകലേപ്പോയ് മറഞ്ഞോ..? (പറയാതെ..)

എവിടെയോമറന്നുഞാനെന്നോർമ്മകളിൽ...
എന്നാത്മ ശിഖരത്തിലെ നിന്നെ..!
ഏതോചിന്തതന്നോരങ്ങളിൽ..
എന്നെത്തിരഞ്ഞൊരാ നിന്നേ...(പറയാതെ..)

എന്നാൽ ഒരമ്മക്കറിയാല്ലോ കുട്ടികളുടെ ആവശ്യങ്ങൾ, പക്ഷെ, കുഞ്ഞുങ്ങളെപ്പറഞ്ഞിട്ടെന്തു കാര്യം.. ഹാ എല്ലാം ഗ്രഹപ്പിഴ'' അമ്മച്ചി സ്വയം കുറ്റപെടുത്തിക്കൊണ്ടിരുന്നു. ഒന്നു മനസ്സിലായി; അവിടെ കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും അവളാണ്. എപ്പോഴും കാശിന്റെ പേരിലുള്ള വഴക്കും അതേത്തുടർന്നുള്ള ബഹളവും കേൾക്കാറുണ്ട്, ''വിസയുടെ കാലാവധി തീർന്നില്ലായെങ്കിൽ ഇവിടെക്കിടന്നു മരിച്ചുപോയേനെ! അമ്മക്ക് മരുന്നിനു പൈസയില്ല പോലും, അവർക്കു വേണ്ടതെല്ലാം അവർ വാങ്ങുന്നുമുണ്ട്.''

അങ്ങനെ ഒരു മാസം മുൻപ് അമ്മച്ചീടെ ഇൻസുലിൻ തീർന്നതാ വാങ്ങാൻ കാശില്ലെന്ന വാക്ക് കേട്ട് മടുത്തു. കഴിഞ്ഞയാഴ്ച തല കറങ്ങി അടുക്കളയിൽ വീണു ബോധം പോയി. കഞ്ഞി വെച്ച കുക്കർ കത്തിപ്പോയി. കരിഞ്ഞമണം വന്നു 'ബീപ്പ് ബീപ്പ്' അടിച്ചപ്പോഴാ ബോധം വന്നേ. അന്ന് തന്നെ അവർ ടിക്കറ്റ് ബുക്ക് ചെയ്തു. സ്നേഹം കൊണ്ടല്ലെന്നും ഇനിയും അമ്മച്ചി ''ഇവിടെ നിന്നാൽ ഒരു സാമ്പത്തിക ഭാരമാകുമെന്നും അഥവാ ഇവിടെ നിന്നാൽ വീട് കത്തിച്ചെ ഈ തള്ള പോകുകകയുള്ളൂ'' എന്നും പറഞ്ഞു മരുമകൾ വഴക്കുകൂടി. ആ അമ്മച്ചി ഇത്രയും പറഞ്ഞു ഏങ്ങലടിച്ചു കരഞ്ഞു... ആകാശവിതാനത്തിൽ ഉരുണ്ടുകൂടിയ കാർമേഘച്ചുരുളുകൾ തുള്ളിക്കൊരു കുടമായി പെയ്തിറങ്ങി. ഒരു ആയുസ്സു മുഴുവനും കരയേണ്ടി വന്നിട്ടും തളരാതെ നിന്നിരുന്ന അമ്മച്ചി ആ സങ്കടങ്ങളുടെ പേമാരിയിൽ കുത്തിയൊലിച്ചുപോയി. ജീവിതകാലം മുഴുവനും സ്വരുക്കൂട്ടിയ സ്വപ്നങ്ങളെല്ലാം ഉരുൾപൊട്ടി ഒലിച്ചുപോയി. ആ കുത്തൊഴുക്കിൽപ്പെട്ട് മണ്ണപ്പം ചുട്ടു കളിച്ച ചിരട്ട മുതൽ കൊച്ചുമോനു വാങ്ങിയ കരിവളകളും കരിമഷിച്ചെപ്പും എന്നന്നേക്കുമായി ഒലിച്ചുപോയിരുന്നു...

കരച്ചിൽ കേട്ട് പിൻ സീറ്റിലിരുന്ന മദാമ്മ എഴുന്നേറ്റപ്പോൾ കണ്ണ് തുടച്ചു ജാലകത്തിലൂടെ മേഘങ്ങൾക്കിടയിലേക്കു കണ്ണും നട്ടിരിക്കുമ്പോൾ സുരേഷും സൗമ്യയും പരസ്പരം കണ്ണ് ചിമ്മാതെ സീറ്റിനിടയിലൂടെ നോക്കി യിരിക്കുകയായിരുന്നു...

അപ്പോഴും നാട്ടിലെ ഒരമ്മച്ചി തന്റെ എഴുപതാം വയസ്സിൽ ചുരിദാറു തൈക്കാൻ തൈയ്യൽക്കാരനെ തേടി നടക്കുന്നുണ്ടായിരുന്നു... ശുഭം.■

# Are you looking someone for furnace cleaning?




**FURNACE & DUCT**
**CARPET CLEANING**
**ROOF TOP UNIT**
**AIR CONDITIONING**
**DRYER VENT CLEAN**

**MOBILE HOMES**
**HUMIDIFIER**
**AIR FILTERS**
**SANITATION**
**WARTER TANK**

**Highend Furnace**
**& Carpet Cleaning**

***Call and book your slot now:***

**RANDEEP: 403-402-1133**

# The Winter Olympics

## 100 years of Games on Ice, Snow and Cold Weather





Sandeep Sam Alexander
Calgary

On February 28, 2010, Chris Cuthbert was the play-by-play voice, on television, when Sidney Crosby scored the overtime winner against the US to give the host nation Canada gold medal in men's hockey at the 2010 Winter Olympics in Vancouver. It's only been 12 years since that iconic moment in Canadian Winter Olympic history. Many are familiar with the Summer Olympics which brought us recent icons like Michael Phelps in swimming and Usain Bolt in athletics; but on the other side of it we have a whole array of athletes who compete on ice or snow. This article looks at the history of Winter Olympics, where they were held, issues, scandals with details and facts taken mostly from sources mentioned at the end of this article.

Even though, the Olympic Winter Games is much younger than its summer counterpart, it's almost 100 years since the first major Winter Olympics held in Chamonix, France in 1924 to the 2022 version to be hosted in Beijing, China. The Winter Olympics also has a long and celebrated history and indeed is a truly mega event brining economic improvements to the host cities as well. In contrast to most of the sports contested at the Summer Olym-



**THE WINTER GAMES HAVE GROWN REMARKABLY FROM AROUND 260 ATHLETES REPRESENTING 16 COUNTRIES IN THE FIRST OLYMPICS OF 1924, (CALLED THE INTERNATIONAL WINTER SPORTS WEEK) TO THE LAST VERSION OF 2018 IN PYEO-NGCHANG, SOUTH KOREA WITH OVER 2,800 ATH-LETES FROM 92 COUNTRIES SHOWCASING THEIR WINTER SPORTING TALENTS.**

pics, which can be played by anyone around the world regardless of climate, income, or equipment, the sports on the winter Olympics program are largely impossible to practice in at least half of the world's countries. Even then the Winter Games have grown in scale and size from an event that was mainly for countries that had winter season with snow like the northern and central Europe, US, and Canada, to include countries which lack snow and ice, demonstrating the global power of the "Olympics" brand.

The Winter Games have grown remarkably from around 260 athletes representing 16 countries in the first Olympics of 1924, (called the International Winter Sports Week) to the last version of 2018 in PyeongChang, South Korea with over 2,800 athletes from 92 countries showcasing their winter sporting talents.

The 1924 Paris Olympics was called the International Winter Sports Week. The sports contested were figure skating, speed skating, ice hockey, curling, bobsleigh, and the Nordic skiing disciplines of cross-country skiing, ski jumping, Nordic combined (ski jumping and cross-country skiing), and military patrol (cross-country skiing, ski mountaineering, and shooting). Sixteen countries participated, fourteen from Europe plus the US and Canada. Women competed only in the individual and pairs figure skating events, and only eleven women took part in the first edition.

The Winter Olympic Games have evolved since their commencement. Many sports and disciplines were added over the years and some mainstream winter sports and activities such as alpine skiing, luge, short track speed skating, freestyle skiing, skeleton, and snowboarding, have become mainstay in Winter Olympics. Few others, including curling and bobsleigh, have been discontinued and later reintroduced; others have been permanently dropped, such as military patrol, though the modern biathlon descended from it.

Though the IOC (International Olympic Committee) had two versions of the Olympic Games, it was time to separate the Olympic Winter Games from Summer Games. St. Moritz, Switzerland, received the opportunity to host the 2nd edition of Olympic Winter Games. St. Moritz had the necessary infrastructure for organizing the sports since it was one of Europe's premier winter tourist destinations. The second edition was almost twice the size of the Chamonix Games, with 464 athletes (26 women) representing 25 countries. Military patrol and curling disappeared from the offi-



A fan gestures excitedly while watching ice hockey from home

cial Olympics program and were relegated as exhibition events along with a few other sports, but the Swiss organizers were able to add the skeleton the head-first sliding event.


